മാധ്യമം ● ഞായർ ● 20 ആഗസ്റ്റ് 2017 ● ലക്കം 1526
# വാരാദ്യ മാധ്യമം
varadyam@madhyamam.in



അഖിൽ തംജിദ് കൊമാച്ചി എന്ന 23കാരൻ കണ്ടുതീർത്ത ലോകകാഴ്ചകൾക്ക് കണക്കില്ല. ഇതിനകം 30 രാജ്യങ്ങളിൽ കാമറയുമായെത്തിയ അഖിൽ അതിൽ 28ലെയും നിറമുള്ള ദൃശ്യങ്ങൾ ഒപ്പിയെടുത്തത് കഴിഞ്ഞ രണ്ടു വർഷത്തിനിടെയാണ്

# ചിത്രയാത്രകൾ

തായ്‌ലൻഡിലെ സൂര്യാസ്തമയം

**എ.പി. നൗഷാദ്**

23 വർഷം മുമ്പ്, മലയാളിയുടെ മുഖത്തിനു നേരെ മൊബൈൽ ഫോൺ കാമറയുടെ ഫ്ലാഷടിക്കുന്നതിനുംമുമ്പ് പിറന്നുവീണതാണ് അഖിൽ. ഭൂമിയിൽ പ്രകാശം കണ്ടപ്പോൾതന്നെ അവനു നേരെ പിതാവിൻെറ കഴുത്തിൽ തൂങ്ങിയ കാമറ പലതവണ മിന്നിമറഞ്ഞു. അതിൻെറ രശ്മികൾ ഇന്നും വിട്ടൊഴിയാത്തതിനാൽ ചെറുപ്രായത്തിൽതന്നെ കാമറയുംകൊണ്ട് ഉലകംചുറ്റുകയാണവൻ.

ഫോട്ടോഗ്രാഫർ അജീബ് കൊമാച്ചിയുടെ മകൻ അഖിൽ തംജിദ് കൊമാച്ചി ഇന്ന് വെറുമൊരു ഫോട്ടോഗ്രാഫറല്ല. കാഴ്ചകൾക്കുവേണ്ടി മൈലുകൾ താണ്ടുന്ന സാഹസികൻകൂടിയാണ്. ഇന്ത്യയിലെ കാഴ്ചകൾക്കുനേരെ ഫോക്കസ് ചെയ്തുതുടങ്ങിയ കാമറ ഇപ്പോൾ ലോകത്തിലെ അനന്തമായ കാഴ്ചകളിലൂടെ സഞ്ചരിക്കുകയാണ്. ഇതിനകം 30 രാജ്യങ്ങളിലെത്തിയ അഖിൽ അതിൽ 28ലെയും നിറമുള്ള ദൃശ്യങ്ങൾ ഒപ്പിയെടുത്തത് കഴിഞ്ഞ രണ്ടു വർഷത്തിനിടെയാണ്. അമേരിക്കയിലും യൂറോപ്പിലും ഏഷ്യയിലുമെല്ലാം സൗഹൃദക്കൂട്ടങ്ങളൊരുക്കിയുള്ള യാത്ര തുടരുകയാണ്. ലോക പര്യടനത്തെക്കുറിച്ച് ചോദിക്കുമ്പോൾ അഖിലിന് ഒരൊറ്റ ഉത്തരമേയുള്ളൂ, "മൈൽസ് ടു ഗോ..."

## ചിത്രങ്ങൾ തേടി

കോഴിക്കോട് ഫാറൂഖ് കോളജിനടുത്ത് ഫോട്ടോഗ്രാഫർമാരുടെ പാരമ്പര്യമുള്ള കുടുംബത്തിൽ പിതാവ് അജീബിൻെറയും അദ്ദേഹത്തിൻെറ സഹോദരൻ അസീമിൻെറയും പാത പിന്തുടർന്ന് മൂന്നാം വയസ്സിൽ ചിത്രമെടുക്കാൻ കാമറ കൈയിലെടുത്തതാണ് അഖിൽ. ഫോട്ടോഗ്രഫിയോടുള്ള മകൻെറ അഭിനിവേശം കണ്ടറിഞ്ഞ പിതാവ് കനോൺ 5ഡി കാമറയും ദൂരങ്ങൾ താണ്ടാൻ റോയൽ എൻഫീൽഡ് ക്ലാസിക് ബുള്ളറ്റും നൽകി ജീവിതവഴി പറഞ്ഞുകൊടുത്തു. പിന്നെ ആ കൈകളും കാമറയും ഒന്നിച്ച് നീങ്ങിയത് ഒരായിരം കാഴ്ചകളിലേക്ക്.

17ാം വയസ്സിൽ തുടങ്ങിയതാണ് മറുനാടുകളിലേക്കുള്ള ചിത്രയാത്ര. പകർത്തിയ ഓരോ ഫോട്ടോയും കാഴ്ചക്കാരനെ തടഞ്ഞുനിർത്തും. പിന്നെ ആ സ്ഥലങ്ങളിലേക്ക് മാടിവിളിക്കും. 'ഗെറ്റ് പാക്ക് ഗോ' എന്ന പേരിൽ കോഴിക്കോട് ആർട്ട് ഗാലറിയിൽ നടത്തിയ ഇന്ത്യൻ കാഴ്ചകളുടെ പ്രദർശനം ഇനി ലോകത്തിൻെറ കാണാക്കാഴ്ചകളിലേക്ക് വഴിമാറുകയാണ്.

## കലാപഭൂമിയിൽനിന്നുള്ള തുടക്കം

2012ൽ അസമിൽ വംശീയ സംഘർഷത്തിൻെറ പ്രത്യാഘാതങ്ങളറിയാനായിരുന്നു കാമറയുമായുള്ള ആദ്യ ഇതര സംസ്ഥാന യാത്ര. 20 പേരടങ്ങുന്ന സംഘത്തിനു നേരെ തിരിഞ്ഞ ഒരു വിഭാഗം ആക്രമണത്തിനൊരുങ്ങിയപ്പോൾ പൊലീസിൻെറയും പട്ടാളത്തിൻെറയും സംരക്ഷണത്തിലാണ് അന്ന് അഭയാർഥി ക്യാമ്പുകളിലെത്തിയത്.

ആട്ടിയോടിക്കപ്പെട്ടവരുടെ ദുരിതങ്ങളും വേദനകളും ഒരു ലോങ് ഷോട്ടിൽ ഒതുക്കാനാവുന്നതായിരുന്നില്ല. 20 ദിവസം നീണ്ട ആ യാത്രയിൽ പകർത്തിയ ചിത്രങ്ങൾ മാധ്യമങ്ങൾക്ക് നൽകിയും പ്രദർശനമൊരുക്കിയും ശ്രദ്ധക്ഷണിച്ചു. കലാപങ്ങൾ മനുഷ്യനെ എങ്ങനെ നിസ്സഹായനാക്കുന്നെന്ന് തിരിച്ചറിഞ്ഞ ദിനങ്ങളായിരുന്നു അത്.

ഫാറൂഖ് കോളജിലെ സഹപാഠികൾക്കൊപ്പം കാറിൽ നടത്തിയ 6000 കിലോമീറ്റർ റൈഡിനിടെയുണ്ടായ വീഴ്ചയിൽ മരണത്തെ മുഖാമുഖം കണ്ടതാണ്. ബംഗാളിലെ ചിൽകയിൽ ട്രക്കിങ്ങിനിടെ മലമുകളിൽനിന്ന് മുള്ളുമരത്തിലേക്ക് വീണ് ഗുരുതര പരിക്കേറ്റപ്പോൾ ചികിത്സിക്കാൻ അടുത്തെങ്ങും ആശുപത്രിപോലുമുണ്ടായിരുന്നില്ല. ഹോസ്പിറ്റൽ തേടിയലഞ്ഞ കൂട്ടുകാർ 15 കിലോമീറ്റർ അകലെ ചെറിയൊരു ആതുരാലയം കണ്ടെത്തിയപ്പോൾ വേണ്ട ചികിത്സാസൗകര്യവുമില്ല. അവസാനം പ്രസവമുറിയിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ ആശുപത്രി അധികൃതർ തയാറായതോടെയാണ് അപകടനില തരണംചെയ്തത്.


പാരിസിലെ ഈഫൽ ടവറിന് സമീപത്തെ സൂര്യോദയം


ജർമനിയിലെ ഹാംബർഗിലെ തുരങ്കപാത


ഡെന്മാർക്കിലെ കോപൻഹേഗനിലെ നഗരക്കാഴ്ച



യാത്രയില്ലാതെ അഖിലിന് ജീവിതമില്ല. റോഡുകൾ മാത്രമല്ല, വനവും വാനവും കടലും മഞ്ഞും മലനിരകളുമെല്ലാം അവൻെറ ആവേശത്തിന് കീഴടങ്ങിക്കൊടുത്തിട്ടുണ്ട്. നിരവധി യാത്രാ വിവരണ മാഗസിനുകൾക്കുവേണ്ടി ചിത്രങ്ങൾ പകർത്തി നൽകാനും സമയം കണ്ടെത്തുന്നു. നിശ്ചല ചിത്രങ്ങൾ മാത്രമല്ല, ചലിക്കുന്നവയും തനിക്ക് വഴങ്ങുമെന്നും പലതവണ തെളിയിച്ചിട്ടുണ്ട്

2015 ജൂലൈയിൽ നാല് കൂട്ടുകാർക്കൊപ്പം ഇന്നോവ കാറിൽ ഒമ്പത് സംസ്ഥാനങ്ങളും ഒരു കേന്ദ്രഭരണ പ്രദേശവും ചുറ്റിയുള്ള 6,800 കിലോമീറ്റർ യാത്ര. പാകിസ്താൻ അതിർത്തിയിൽനിന്ന് 10 കിലോമീറ്റർ അകലെ ഒരു ദിവസം പുലർച്ചെ രണ്ടോടെ വാഹനത്തിൻെറ ടയർ പൊട്ടി മൂന്ന് മണിക്കൂറോളം കുടുങ്ങിയപ്പോൾ വിജനതയുടെയും നിശ്ശബ്ദതയുടെയും ഭീകരത അനുഭവിച്ചറിഞ്ഞു.

ചുറ്റും പട്ടാള ക്യാമ്പുകൾ നിറഞ്ഞ പ്രദേശത്ത് ഒരാളെയും കാണാനില്ല. ഒരു വാഹനവും അതുവഴി കടന്നുപോയില്ല. പക്ഷികളുടെ കരച്ചിൽപോലുമില്ല. ഒരു വെടിയൊച്ചയോ ബൂട്ടുകളുടെ മുഴക്കമോപോലുംഅപ്പോൾ ആശ്വാസമാകുമെന്ന് തോന്നി. ഇതേ സംഘത്തോടൊപ്പം പിന്നീട് 11,000 കിലോമീറ്റർ കാറിൽ താണ്ടി മ്യാന്മറിലുമെത്തി.


## റോയൽ കരീബിയനിലെ ലോക സഞ്ചാരം

ഇന്ത്യയിലെ പ്രധാന ടൂറിസം മേഖലകളിലെല്ലാം ചുറ്റുന്നതിനിടെ നേപ്പാളിലും ഭൂട്ടാനിലുമെത്തിയ അഖിലിൻെറ ഫോട്ടോഗ്രഫിയിലെ വൈദഗ്ധ്യം കണ്ടറിഞ്ഞ അമേരിക്കയിലെ പ്രശസ്തമായ റോയൽ കരീബിയൻ ഇൻറർനാഷനൽ കമ്പനി അവരുടെ ആഡംബര കപ്പലിൽ ഫോട്ടോഗ്രാഫറായി നിയമിച്ചതോടെയാണ് ലോകസഞ്ചാരത്തിന് ഗതിവേഗം വന്നത്.

ഫൈവ് സ്റ്റാർ സൗകര്യങ്ങളോടെ 17 നിലകളുള്ള കപ്പലിലൊരുക്കിയ സ്റ്റുഡിയോയിൽ വിവിധ രാജ്യക്കാരുടെ ഫോട്ടോ പകർത്തുന്നതിനിടെയുണ്ടാക്കിയ ചങ്ങാത്തം കൂടുതൽ രാജ്യങ്ങളിലെത്തിച്ചു.

കമ്പനിക്കു വേണ്ടി മേരിലാൻഡ്, മിയാമി, ലണ്ടൻ എന്നിവിടങ്ങളിലെല്ലാം ജോലി ചെയ്തു. കപ്പൽ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ എത്തുമ്പോൾ കരയിലിറങ്ങി സ്വന്തം ചെലവിൽ വിവിധ രാജ്യങ്ങളിലെത്തുകയാണ് പതിവ്. അവധികളും യാത്രക്കുവേണ്ടി മാറ്റിവെച്ചു. അവിടങ്ങളിലെ മനോഹര ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിലൂടെ കൂട്ടുകാരിലുമെത്തിക്കുന്നു.

ശേഷം പേജ് 2 ›››


തായ്‌ലൻഡിൽ കപ്പലുകളെ നോക്കിനിൽക്കുന്ന പെൺകുട്ടി


മെക്സികോയിലെ കലാകാരൻ





സ്പെയിനിലെ വിഗൊയിൽ കളിക്കുന്ന ബാലൻ



പോർചുഗൽ തലസ്ഥാനമായ ലിസ്ബണിലെ റസ്റ്ററൻറുകളിലൊന്ന്

# ലോകകാഴ്ചകളിലേക്ക് തുറന്ന കാമറ

പേജ് 1 തുടർച്ച ›››

## ഇന്ത്യ തന്നെ മനോഹരി

അമേരിക്ക, കാനഡ, ജർമനി, ഫ്രാൻസ്, ഇംഗ്ലണ്ട്, നെതർലൻഡ്സ്, ബെൽജിയം, പോർചുഗൽ, മെക്സികോ, സ്പെയിൻ, ഇറ്റലി, നോർവേ, തായ്‍ലൻഡ് തുടങ്ങിയ രാജ്യങ്ങളിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിലെല്ലാം വ്യത്യസ്ത രാജ്യക്കാരായ കൂട്ടുകാർക്കൊപ്പം എത്തിയ അഖിൽ ഓരോ രാജ്യത്തിൻെറയും സംസ്കാരവും ഭക്ഷണരീതികളുമെല്ലാം അടുത്തറിഞ്ഞു. എന്നാൽ, ഇന്ത്യയിലെ വൈവിധ്യവും മനോഹാരിതയും മറ്റൊരിടത്തും ഇല്ലെന്നാണ് അഖിലിൻെറ പക്ഷം. വിദേശരാജ്യങ്ങളിൽ പ്രകൃതിഭംഗികൊണ്ട് ഏറെ ആകർഷിച്ചത് നോർവേയാണ്. പാതിരാസൂര്യൻെറ നാട് എന്നറിയപ്പെടുന്ന ഇവിടെ രാത്രി 11നുശേഷമുള്ള സൂര്യാസ്തമയവും പുലർച്ചെ നാലോടെയുള്ള സൂര്യോദയവും മനം കുളിർപ്പിക്കുന്ന കാഴ്ചയാണ്. നോർവേ-ഡെന്മാർക് യാത്രക്കിടെ രാത്രി 12ന് മിന്നിമറയുന്ന വാൽനക്ഷത്രങ്ങളെ കാമറയിൽ പകർത്താനായതും ബാഴ്സലോണയുടെ മനോഹാരിതയിൽ മനം മയങ്ങി സമയം വൈകിയപ്പോൾ ഇസ്തംബുളിലേക്കുള്ള വിമാനം നഷ്ടപ്പെട്ടതും മറക്കാനാവാത്ത അനുഭവങ്ങൾ. 24 മണിക്കൂറിനിടെ നാല് രാജ്യങ്ങളിലെത്തിയതും അവിസ്മരണീയ അനുഭൂതിയായി. ഫ്രാൻസിലെ വില്ലെ ഫ്രാൻസിൽനിന്ന് 45 മിനിറ്റ് ട്രെയിൻ യാത്ര ചെയ്ത് കൊച്ചു രാജ്യമായ മൊണാകോയിലും അവിടെനിന്ന് ചെറുബോട്ടിൽ ഇറ്റലിയിലെ സിവിതവേക്യ, റോം വഴി ബസിൽ ലോകത്തിലെ ഏറ്റവും ചെറിയ രാജ്യമായ വത്തിക്കാനിലുമെത്തി.

## പിന്നെയും പറഞ്ഞയക്കുന്ന അനുഭവങ്ങൾ

ലോകസഞ്ചാരത്തിനിടെ മനസ്സിൽനിന്ന് മായാത്ത അനുഭവങ്ങളേറെയുണ്ടായി. ദുരനുഭവങ്ങളിൽ മനംമടുക്കാത്തത് തുടർയാത്രകൾക്ക് പ്രചോദനമാകുന്നു. സ്പെയിനിലെ കാനറി ഐലൻഡിലെ അഗ്നിപർവതങ്ങൾക്കിടയിലൂടെ മൂന്നുപേർക്കൊപ്പം നടത്തിയ ട്രക്കിങ്ങിനിടെ കൈയിൽ കരുതിയ വെള്ളം തീർന്ന് തൊണ്ടവരണ്ട് മരച്ചുവട്ടിൽ തളർന്നിരുന്നപ്പോൾ രക്ഷകരായി എത്തിയത് ഒട്ടക സഫാരി സംഘമാണ്. മുകൾഭാഗത്തുള്ള ഗ്രാമത്തിലേക്ക് താഴെനിന്ന് കാനിൽ വെള്ളം ശേഖരിച്ച് മടങ്ങുന്ന സംഘവുമായി പരിചയപ്പെട്ടപ്പോൾ അവർക്കൊപ്പം ഗ്രാമം കാണാനും അവസരമുണ്ടായി. കാനറി ഐലൻഡിലെ സറോത്തെ എന്ന സ്ഥലത്തെ റസ്റ്ററൻറിൽ ഭക്ഷണം കഴിച്ചിരിക്കുമ്പോൾ പരിചയപ്പെടാനെത്തിയ ഹോട്ടലുടമ, ഇന്ത്യക്കാരനാണെന്ന് പറഞ്ഞപ്പോൾ അടുത്തുള്ള വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി നിധിപോലെ സൂക്ഷിച്ചുവെച്ച ഹിമാലയത്തിൽനിന്ന് ശേഖരിച്ച വസ്തുക്കൾ കാണിച്ചുതന്നപ്പോൾ വിസ്മയിക്കാതിരിക്കാനായില്ല. സെൻറ് മാർട്ടിൻ ഐലൻഡിലെ എയർപോർട്ട് ബീച്ച് ഏറെ വിസ്മയിപ്പിച്ചു. തൊട്ടടുത്തുള്ള എയർപോർട്ടിൽ ഇറങ്ങുമ്പോൾ വിമാനം ബീച്ചിൽനിന്ന് 1520 അടി ഉയരത്തിലാണ് പറക്കുക. ശക്തമായ കാറ്റിൽ മണൽ അടിച്ചുവീശുന്നതിനാൽ ആ സമയം ബീച്ചിലുള്ളവരെല്ലാം കൂട്ടത്തോടെ കടലിൽ ചാടുന്ന രംഗം ഒരേ സമയം അദ്ഭുതവും ചിരിയുമുണ്ടാക്കും. മെക്സികോയിലെ കൊസുമയിൽനിന്ന് കാർ വാടകക്കെടുത്ത് വനത്തിലേക്ക് യാത്രതിരിച്ചു. വെനിസ്വേലക്കാരനായിരുന്നു ഡ്രൈവർ. യാത്രചെയ്ത വാഹനമിടിച്ച് മരം റോഡിൽ കുറുകെ വീഴുകയും കാർ സ്റ്റാർട്ടാവാതിരിക്കുകയും ചെയ്തതോടെ ന്യൂട്ടറിലിട്ട് അഞ്ച് കിലോമീറ്ററോളം പിറകോട്ടിറക്കുകയായിരുന്നു. വൻ തുക പിഴയടച്ചാണ് അന്ന് അവിടെനിന്ന് മടങ്ങാനായത്. കാനഡയിലെ പെഗ്ഗീസ് കോവ് എന്ന സ്ഥലത്തെ പാറക്കൂട്ടങ്ങൾ നിറഞ്ഞുനിൽക്കുന്ന ബീച്ചിൽ പോയപ്പോൾ ജീവൻ രക്ഷിച്ചത് ഒരു വയോധികനാണ്. പാറകൾക്കിടയിലിറങ്ങി ഫോട്ടോയെടുക്കാൻ തുനിഞ്ഞപ്പോൾ അയാൾ കർശനമായി വിലക്കി. നീരസത്തോടെ തിരിച്ചുകയറി മിനിറ്റുകൾക്കകം അയാൾ മറ്റൊരു കാഴ്ച കാണിച്ചുതന്നു. താൻ നിലയുറപ്പിച്ചിരുന്ന സ്ഥലത്തേക്കാൾ ഉയരത്തിൽ തിരമാലകൾ അടിച്ചുകയറുന്നത് കണ്ടപ്പോൾ അയാളെ വണങ്ങി തിരികെ പോരുകയായിരുന്നു.

## ബാൾട്ടിമോറിലെ മഞ്ഞുമഴ

യു.എസ്.എയിലെ ചൂടുള്ള പ്രദേശമായ മയാമിയിൽനിന്ന് ബാൾട്ടിമോറിൽ എത്തുമ്പോൾ തണുപ്പിനെ പ്രതിരോധിക്കാനുള്ള വസ്ത്രമൊന്നും കരുതിയിരുന്നില്ല. റോഡരികിൽ ഒരാളേക്കാൾ ഉയരത്തിലായിരുന്നു മഞ്ഞ്. ഒപ്പമുണ്ടായിരുന്ന സുഹൃത്തിന് കാലാവസ്ഥയിലെ വ്യതിയാനം പ്രതിരോധിക്കാനാവാതെ അസുഖം വന്നു. താമസിക്കുന്ന ഹോട്ടലിൽ ഭക്ഷണം ഇല്ലാത്തതിനാൽ പുറത്തുപോവേണ്ടിയിരുന്നു. സുഹൃത്തിന് പുറത്തിറങ്ങാനാവാതിരുന്നതോടെ ഭക്ഷണം തേടി ഒറ്റക്ക് ഒരു കിലോമീറ്റർ അകലെയുള്ള ടൗണിലേക്ക് നടന്നു. സുഹൃത്തിന് പാർസലും വാങ്ങി മടങ്ങുമ്പോൾ വാനം പെട്ടെന്ന് മേഘാവൃതമാകുകയും മഞ്ഞുമഴ പെയ്യാൻ തുടങ്ങുകയും ചെയ്തു. ഹൈവേയിൽ കെട്ടിടങ്ങളൊന്നുമില്ലാത്തതിനാൽ ഒരു മരച്ചുവടാണ് അഭയമായത്. കാൽ മഞ്ഞിൽ മൂടിക്കൊണ്ടിരുന്നപ്പോൾ അതുവഴി പോയ വാഹനങ്ങൾക്കെല്ലാം കൈകാണിച്ചെങ്കിലും ആരും നിർത്തിയില്ല. അവസാനം 60 വയസ്സിനടുത്ത് പ്രായമുള്ള മേരി എന്ന സ്ത്രീ കാർ നിർത്തി ഹോട്ടലിൽ കൊണ്ടുവിടുകയും കോഫി വാങ്ങിനൽകുകയും ചെയ്തു. എപ്പോൾ അമേരിക്കയിൽ വരുമ്പോഴും വിളിക്കണമെന്ന് പറഞ്ഞ് തിരികെ പോയ അവർ ഇന്നും ഫേസ്ബുക്കിലൂടെ സൗഹൃദം തുടരുന്നു.

## യാത്രയില്ലാതെ ജീവിതമില്ല

യാത്രയില്ലാതെ അഖിലിന് ജീവിതമില്ല. റോഡുകൾ മാത്രമല്ല, വനവും വാനവും കടലും മഞ്ഞും മലനിരകളുമെല്ലാം അവൻെറ ആവേശത്തിന് കീഴടങ്ങിക്കൊടുത്തിട്ടുണ്ട്.

നിരവധി യാത്രാ വിവരണങ്ങൾ മാഗസിനുകൾക്കുവേണ്ടിയും ഓൺലൈൻ പോർട്ടലുകൾക്കുവേണ്ടിയും കുറിച്ചിടാനും ചിത്രങ്ങൾ പകർത്തി നൽകാനും സമയം കണ്ടെത്തുന്നു. നിശ്ചല ചിത്രങ്ങൾ മാത്രമല്ല, ചലിക്കുന്നവയും തനിക്ക് വഴങ്ങുമെന്നും പലതവണ തെളിയിച്ചിട്ടുണ്ട്. കണ്ടുതീർത്ത കാഴ്ചകളേക്കാൾ കാണാനുള്ളതിലേക്കുള്ള ദൂരമാണ് ഈ ചെറുപ്പക്കാരനെ മോഹിപ്പിക്കുന്നത്. ഇന്നിൻെറ ഓരോ കാഴ്ചയും നാളെയുടെ ചരിത്രമാണെന്ന തിരിച്ചറിവിലേക്കാണ് ഓരോ പുറപ്പെട്ടുപോകലും. ●

---

ഹ്രസ്വചിത്രം




ആരോ ഒരാൾ ചിത്രത്തിൽനിന്ന്



സംവിധായകൻ നിസാർ ഇബ്രാഹിം

# ആ(രോ) ഒരാളുടെ വരവ്

**രാജേഷ് ചിത്തിര**

ആദ്യ ശ്വാസം മരണത്തിൻെറ പ്രാരംഭനടപടിയാണ് എന്നുപറഞ്ഞത് തോമസ് ഫുള്ളറാണ്. മൃത്യു അന്ത്യനിദ്രയല്ല ഉണർവിൻെറ അന്ത്യമാണതെന്നു പറഞ്ഞതാവട്ടെ വാൾട്ടർ സ്കോട്ടും. നിസാർ ഇബ്രാഹിം സംവിധാനം ചെയ്ത ആരോ ഒരാൾ എന്ന ഹ്രസ്വചിത്രം കണ്ടുകൊണ്ടിരിക്കെ മൃത്യുവിനെ കുറിച്ചോർത്തു. ഓരോരുത്തരും തങ്ങളുടെ വീക്ഷണത്തിലൂടെ വിശദീകരിക്കാൻ ശ്രമിക്കുന്ന ആ ആരോ ഒരാളെപറ്റിയുള്ള പി.കെ. പാറക്കടവിൻെറ ചെറുകഥയുടെ ചലച്ചിത്ര ഭാഷ്യമാണ് ഈ കൊച്ചു ചിത്രം. എല്ലാ കലകളും അപൂർണമാണ്. സ്രഷ്ടാവ് തൻെറ ചോദനകളെ, അനുഭവസാക്ഷ്യങ്ങളെ, ഭാവനയെ ആസ്വാദകൻെറ മുന്നിലേക്ക് വക്കുമ്പോൾ അത് അപൂർണമാണ്. ആസ്വാദകൻ തൻേറതായ രീതിയിൽ കൃതിയെ, സൃഷ്ടിയെ വായിച്ച് ഉൾക്കൊള്ളുമ്പോഴാണ് സൃഷ്ടിപരമായ പൂർണതയുണ്ടാവുന്നത്. എന്നാൽ, മരണം പൂർണമാണ്. മരിച്ചു പോയ ഒരാൾ ആ സഞ്ചാരത്തെ പറ്റി സാക്ഷ്യം പറയാൻ തിരികെയെത്താത്ത കാലത്തോളം മറ്റുള്ളവരിൽ അതൊരു അപൂർണതയാണ്. അതു കൊണ്ടാവണം ലോകത്തിൻെറ പല ഭാഗത്തുമുള്ള വിവിധ ഗോത്രങ്ങളിൽ മരണം ഒരു ആഘോഷമാവുന്നത്. ഒരാളുടെ മരണശേഷം അയാളെ പറ്റി കുറ്റങ്ങൾ പറയാതിരിക്കുന്നത് മലയാളികളുടെ പ്രത്യേകതയാണ്. മരണം ഒരാൾക്ക് കനിഞ്ഞു നൽകുന്ന ബഹുമതിയാണത്. എന്നാൽ, ഒരാളുടെ സ്വത്വത്തെ, അസ്തിത്വത്തെ പറ്റി തന്നെയുമുള്ള അന്വേഷണങ്ങൾ സംഭവിക്കുന്നത് അയാളുടെ അസാന്നിധ്യത്തിലാണ്. അതുകൊണ്ടാവാം ഒരാളുടെ മരണം സംഭവിക്കുന്നത് അയാളെ പറ്റിയുള്ള സ്മരണ ചുറ്റുപാടുകളിൽ നിന്നും ഇല്ലാതാവുമ്പോഴാണ് എന്ന് പറയുന്നത്. നവകാല ഫാഷിസം മുമ്പേ പോയ ചിലരുടെ അടയാളങ്ങളെ -പ്രതിമകളെ, അവരെ പറ്റിയുള്ള ചരിത്രഭാഗങ്ങളെ ഇല്ലാതാക്കാൻ ശ്രമിക്കുന്നത് ഇതോടു കൂടി ചേർത്ത് വായിക്കാമെന്നു തോന്നുന്നു.

രാജീവ് എന്ന നായകകഥാപാത്രത്തിലൂടെയാണ് ചിത്രം മുന്നോട്ടു പോവുന്നത്. അയാളുടെ ചുറ്റുമുള്ളവർ അയാളെ തിരഞ്ഞു വരുന്ന ഒരാളെ പറ്റി അയാളോട് പറയുന്നു. അത് അയാളെ ചിന്താക്കുഴപ്പത്തിലാക്കുന്നുണ്ട്. ആരാണ് തിരഞ്ഞു വരുന്നത് എന്നതിൻെറ അന്വേഷണത്തിനിടയിൽ മരണവുമായി അയാളുടെ അഭിമുഖം സംഭവിക്കുന്നു. കൃത്യസമയത്ത് മാത്രം പ്രത്യക്ഷനാവുന്ന ആ ഒരാളാണ്ആരോ ഒരാൾ. എല്ലാവരെയും അങ്ങനെ ഒരാൾ തിരഞ്ഞു വരുന്നുണ്ട് എന്ന് സംവിധായാകൻ നേരിട്ട് വന്ന പ്രേക്ഷകനെ ഓർമപ്പെടുത്തുന്ന ഫ്രെമിയിലാണ് ചിത്രം അവസാനിക്കുന്നത്. സംവിധായകനായ നിസാർ ചിത്രകാരൻ കൂടിയാണ്. 14 മിനിറ്റ് നീളമുള്ള ഈ ചിത്രത്തിൻെറ ഓരോ ഫ്രെയിമിലും ചിത്രകാരനായ സംവിധായകനെ കാണാനാവുന്നു എന്നതാണ് സൃഷ്ടിപരമായ ഏറ്റവും വലിയ പ്രത്യേകത. അത് ഈ ചിത്രത്തെ കുടിയേറ്റ ഭൂമികയിൽ നിന്ന് പുറത്തുവന്ന മറ്റ് ഹ്രസ്വചിത്രങ്ങളിൽ നിന്ന് വേറിട്ട് നിർത്തുന്നു. അത്രയേറെ പൂർണതയ്ക്കുള്ള ശ്രമമുണ്ട് അണിയറപ്രവർത്തകരിൽ നിന്നും.

ചിത്രത്തിൻെറ തുടക്കത്തിൽ തന്നെ വാഹനം പാർക്ക് ചെയ്ത് വീട്ടിലേക്കു പോവുന്ന രാജീവ് തൻെറ പിന്നിൽ ആരോ ഉണ്ടെന്നു സംശയിച്ചു തിരിഞ്ഞു നിൽക്കുന്നുണ്ട്. ഒരു ശരാശരി ബ്ലൂ കോളർ ജീവനക്കാരൻെറ എല്ലാവിധ മാനസിക ശാരീരിക വ്യഥകളും അനുഭവിക്കുന്നുണ്ട് പ്രവാസിയായ ആ കഥാപാത്രം.

സിനിമ പ്രവാസത്തിൻെറ ആത്മസംഘർഷങ്ങളെ പറ്റിയുള്ള വെളിപാടുകൾ നടത്തുന്നില്ല എന്നത് ആശ്വാസകരമാണ്. എന്നാൽ നായക കഥാപാത്രത്തിൻെറ ഗാർഹികവും സാമൂഹികവും ഔദ്യോഗികവുമായ ഇടപെടലുകളിലൂടെ കുടിയേറ്റക്കാരൻെറ ജീവിതസംഘർഷങ്ങൾ പറഞ്ഞു പോവുന്നുണ്ട്. ആറു മാസം നിദ്രയിലാണ്ടു പോയ ഒരു കഥാപാത്രമുള്ളത് രാമായണത്തിലാണ്. ഹൈന്ദവമിത്തോളജിയാണ് മരണത്തിൻെറ വരവ് മൃഗങ്ങൾക്ക് തിരിച്ചറിയാമെന്ന് പറയുന്നത്. മരണത്തിൻെറ ദേവനായ യമൻെറ സഞ്ചാരം പോത്തിൻെറ പുറത്താണ് എന്ന് ഹിന്ദുക്കൾ വിശ്വസിക്കുന്നു. എന്നാൽ, രാജീവിനെ തേടിയുള്ള മരണത്തിൻെറ വരവ് അയാളുടെ ഭാര്യ, സഹപ്രവർത്തകർ തുടങ്ങിയവരാണ് അയാളോട് പറയുന്നത്. ഇത് ഒരു സാധാരണ പ്രേക്ഷകനെ സംബന്ധിച്ചിടത്തോളം ഏറെ അസ്വാഭാവികമായി തോന്നാനിടയുണ്ട്. ഇവിടെ ചിത്രത്തിൻെറ അവസാനഭാഗം പ്രത്യക്ഷപ്പെടുന്ന സംവിധായകൻ ആദ്യ ഫ്രെയിം മുതൽ ചിത്രത്തിലുണ്ട് എന്ന് ചിന്തിക്കുവാൻ പ്രേരിപ്പിക്കുന്നു. ഈ ചിത്രത്തിൻെറ വിജയവും പരാജയവും ഈ ഇടപെടലാണ്. കഥാപാത്രങ്ങൾ പ്രേക്ഷകനോട് പറയുന്നതിലേറെ തിരക്കഥാകൃത്തു കൂടിയായ സംവിധായകന് പറയുവാനുണ്ട്. അദ്ദേഹത്തിൻെറ ചിത്രത്തിലുള്ള ഏറെ മിസ്റ്റിക്കൽ ആയ ആ ഇടപെടൽ നവ്യമാണ്. രാജീവിൻെറ വീട്ടിലെ മിസ്റ്റിക്കൽ ആയ ചിത്രത്തിലൂടെ ധ്യാനത്തിൻെറ, മനനത്തിൻെറ ആദ്യ സാധ്യത പ്രേക്ഷകന് സമ്മാനിക്കാൻ മറക്കാത്ത സംവിധായകൻ നായകൻ കൊണ്ട് വരുന്ന മരണത്തെ പറ്റിയുള്ള ഓഷോ ചിന്തയുടെ പുസ്തകത്തിലൂടെ അടുത്ത സൂചനയും സമ്മാനിക്കുന്നുണ്ട്. മരണത്തിൻെറ മഞ്ഞയിലേക്ക് ഫോക്കസ് ചെയ്യപ്പെടുന്നുണ്ട് ഈ ഘട്ടത്തിൽ.

രാജീവും ഭാര്യയുമായുള്ള സംഭാഷണങ്ങൾ അസ്വാഭാവികങ്ങളാണ്. നായികയുടെ പ്രതികരണങ്ങൾ അമിതാഭിനയത്തിലേക്ക് വഴുതിപ്പോവുന്നുണ്ട്. പലപ്പോഴും നാടകീയത വിളിച്ചോതുന്ന തരത്തിലുള്ള സംഭാഷണങ്ങളിലെ അസ്വഭാവികത ശ്രദ്ധിക്കേണ്ടതായിരുന്നു എന്ന് തോന്നുന്നു. മുറിക്കുള്ളിലെ ദീപവിതാനം അമിതമായിപ്പോയ ഘട്ടങ്ങളുണ്ട്. ചിത്രത്തിലെ ഓഫിസ് സീനുകൾ ഏറെ ശ്രദ്ധയോടെ തിരഞ്ഞെടുത്തതാണ്. മുറിയിൽ നിന്ന് പുറത്തേക്ക് നോക്കുന്ന നായകൻെറ നിഴലിൽ ആരോ ഒരാളെ കാണിച്ചു തരുന്നത് ഏറെ ശ്രദ്ധയർഹിക്കുന്നുണ്ട്. നായകൻെറ നടത്തത്തിൽ ആ ഒരാൾ അയാളിൽ നിന്നും അകന്നു പോവുന്നുണ്ട്. മരണവുമായുള്ള അഭിമുഖത്തിനു തിരഞ്ഞെടുത്ത നിറവിന്യാസം സംവിധായകൻെറ ശ്രദ്ധക്ക് മറ്റൊരു തെളിവാണ്.

ഗൾഫ് രാജ്യങ്ങളിൽ നിന്നും ഒരു ചിത്രം നിർമിക്കുന്നതിന് സ്വാഭാവികമായും ഏറെ കടമ്പകൾ കടക്കേണ്ടതുണ്ട്. ഇത് പല ഹ്രസ്വചിത്രങ്ങളുടെയും പൂർണതെയെ ബാധിച്ചിട്ടുണ്ട് എന്നതാണ് മുൻകാല അനുഭവങ്ങൾ. എന്നാൽ, ആരോ ഒരാൾ ഇത്തരം ദൗർബല്യങ്ങളെ ഒരു പരിധി വരെ മറികടക്കുന്നുണ്ട്.

ആദ്യ സംവിധാന സംരംഭമെന്ന നിലയിൽ നിസാറിന് അഭിമാനിക്കാൻ ഏറെ വകയുണ്ട് ആരോ ഒരാളിൽ. മരണമെന്ന തലമുറകളുടെ സൃഷ്ടിപരമായ സാധ്യതയെ പരിചരിക്കുമ്പോൾ അതൊരു വേറിട്ട ദൃശ്യാനുഭവമാക്കാൻ നിസാർ ശ്രമിച്ചിട്ടുണ്ട്; അതിൽ വളരെയേറെ വിജയിക്കുകയും ചെയ്തിരിക്കുന്നു. ●

---




## കത്തുകൾ

### പടച്ചോൻെറ സ്വന്തം നാട്ടിൽ

പടച്ചോൻെറ സ്വന്തം നാടെന്ന ഖ്യാതിയുള്ള കേരളത്തിൽ തെയ്യോനെപ്പോലുള്ളവർ നീതി നിഷേധിക്കപ്പെട്ട് ജീവിച്ചിരുന്നു എന്നത് ചിന്തിക്കാൻതന്നെ പ്രയാസം. ലക്കം 1525 ൽ സുൽഹഫ് എഴുതിയ ‘പടച്ചോൻ എന്ന പോരാളി’ നമുക്ക് ഏറെ പ്രചോദനമാണ്. വാരാദ്യമാധ്യമത്തിനും എഴുത്തുകാരനും അഭിനന്ദനങ്ങൾ.

മുനീർ വി.പി. ഒളവിലം

### സ്വാതന്ത്ര്യ സമരത്തിലെ ദലിതുകൾ

നമ്മുടെ സ്വാതന്ത്ര്യ പോരാട്ട ചരിത്രത്തിൽ രേഖപ്പെടുത്താതെ പോയ ദലിത് ജീവിതങ്ങളെ അടയാളപ്പെടുത്തുന്നതായിരുന്നു വാരാദ്യമാധ്യമത്തിൻെറ സ്വാതന്ത്ര്യദിന സ്പെഷൽ. തെയ്യോൻ പടച്ചോൻെറ ജീവിതം അദ്ദേഹത്തിൻെറ മരണശേഷമെങ്കിലും പുറംലോകമറിഞ്ഞല്ലോ. ചുരുങ്ങിയത്, അന്നാട്ടുകാരെങ്കിലും അദ്ദേഹത്തിൻെറ പ്രാധാന്യം തിരിച്ചറിഞ്ഞല്ലാ. എന്നാൽ, ഒരുതരത്തിലുള്ള ഓർമിക്കലിനും ഇടംകിട്ടാതെ പോയ ആയിരക്കണക്കിന് പോരാളികൾ നമ്മുടെ നാട്ടിലുണ്ട്.

സതീഷ്കുമാർ, പയ്യോളി

### ഇനി കണികാണാൻ കിട്ടുമോ?

‘തോൽക്കാത്ത ഗാന്ധിയൻ’ എന്ന തലക്കെട്ടിൽ ശ്രീകുമാർ പ്രാവച്ചമ്പലം തയാറാക്കിയ (ലക്കം 1524) ഫീച്ചർ, അന്തരിച്ച ആ ദേശസ്നേഹിക്കുള്ള ആദരവുതന്നെ. സ്വാർഥത നടമാടുന്ന ഈ കാലഘട്ടത്തിൽ കെ.ഇ. മാമ്മനെപ്പോലുള്ള വ്യക്തികളെ ഇനി കണികാണാൻകൂടി കിട്ടുകയില്ല. ശോഭനമായ ഭാവി വലിച്ചെറിഞ്ഞ് സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത ആ തലമുറ മറ്റൊന്നും ആഗ്രഹിച്ചിരുന്നില്ല.

നാടിൻെറ സ്വാതന്ത്ര്യം മാത്രമായിരുന്നു അവരുടെ ലക്ഷ്യം. ആശുപത്രിക്കിടക്കയിലും കാത്തുസൂക്ഷിച്ച ഫോട്ടോ സത്യത്തിൽ അദ്ദേഹത്തിൻെറ ദേശസ്നേഹത്തിൻെറ തെളിവാണ്. അർഹിക്കുന്ന ആദരവ് മരണശേഷവും നൽകണമെന്നതിൽ തർക്കമില്ല.

ടി.വി. ഹരികുമാർ, കണിച്ചുകുളങ്ങര

### തോൽക്കാത്ത ഗാന്ധിയൻ

വാരാദ്യമാധ്യമം ലക്കം 1524 ൽ പ്രസിദ്ധീകരിച്ച ‘തോൽക്കാത്ത ഗാന്ധിയൻ’ എന്ന ഓർമക്കുറിപ്പ് ഏറെ ശ്രദ്ധേയമായി. വിദ്യാർഥി രാഷ്ട്രീയത്തിലൂടെ സമരചരിത്രത്തിലേക്ക് കടന്നുവന്ന ശക്തനായ പോരാളിയായ കെ.ഇ. മാമ്മനെക്കുറിച്ചുള്ള വിവിധ വിവരങ്ങൾ വായനക്കാരിൽ എത്തിച്ച ലേഖകനും വാരാദ്യമാധ്യമത്തിനും നന്ദി രേഖപ്പെടുത്തുന്നു.

സതീശൻ മുമ്പള്ളി, കൊള്ളാളി, കണ്ണൂർ–5

### മാപ്പിളപ്പാട്ടിൻെറ ദിശ മാറുമോ

രാമായണത്തിൻെറ പല രൂപങ്ങളെക്കുറിച്ച് കേട്ടിട്ടുണ്ട്. എന്നാൽ, ‘ഇശൽ രാമായണം’ എന്നൊരു സൃഷ്ടിയെക്കുറിച്ച് കേൾക്കുന്നത് 1524ാം ലക്കം വാരാദ്യമാധ്യമത്തിലൂടെയാണ്. കുറ്റമറ്റരീതിയിലുള്ള ‘ഇശൽ രാമായണം’ പെട്ടെന്ന് പുറത്തിറങ്ങട്ടെ എന്നാംശംസിക്കുന്നു.

മാപ്പിളപ്പാട്ടിന് ചർച്ചകളിലും സാഹിത്യവേദികളിലും പലരും ഭ്രഷ്ട് കൽപിക്കുന്ന ഇക്കാലത്ത്, മാപ്പിളപ്പാട്ടിൻെറ പ്രാസനിയമങ്ങൾ അത്രയും പാലിച്ച് നൂറിൽപരം പാട്ടുകൾ ചേർത്ത് സൃഷ്ടിച്ച ‘ഇശൽ രാമായണം’ എന്ന മഹാകാവ്യം സമൂഹത്തിൻെറ കൈകളിലെത്തുമ്പോൾ ഭ്രഷ്ട് നീങ്ങിക്കിട്ടുമെന്ന് നമുക്ക് ആശിക്കാം.

ഇശൽ രാമായണത്തിൻെറ രചയിതാവിനും വാരാദ്യമാധ്യമത്തിനും ആശംസകൾ നേരുന്നു.

കെ.പി. ഉസ്സയിൻ, എളേറ്റിൽ, കൊടുവള്ളി

### ഈ ധൈര്യം അഭിനന്ദനീയം

വർഷങ്ങൾക്കുമുമ്പ് ഉപജില്ല കലോത്സവ വേദിയിലാണ് ഒ.എം. കരുവാരക്കുണ്ടിനെ കാണുന്നതും പരിചയപ്പെട്ടതും. ഒ.എം. ഇന്നും ജില്ല-സംസ്ഥാന കലോത്സവങ്ങളിൽ സജീവ സാന്നിധ്യമാണ്. അദ്ദേഹം വിധികർത്താവായി എത്തുന്ന മാപ്പിള കലകളുടെ വേദികളിൽ മത്സരാർഥികൾ പലരും അദ്ദേഹത്തിൻെറ രചനകളാണ് അവതരിപ്പിക്കുക. ഇതര രചനകൾക്കിടയിൽ തൻെറ രചനകളെയും പരാതികൾക്കിടയില്ലാത്ത വിധം വിലയിരുത്തൽ നടത്താൻ അദ്ദേഹത്തിന് കഴിയുന്നു എന്നത് ചെറിയ കാര്യമല്ല.

പലതിൻെറയും പേരിൽ മനുഷ്യൻ മനുഷ്യനെ കൊല്ലുന്ന, സത്യവും പരസ്പര സ്നേഹവും അന്യമായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സമൂഹത്തിൽ തൻെറ കർമമണ്ഡലത്തെ പാകപ്പെടുത്തിയെടുക്കാനുള്ള ദൗത്യം നിർവഹിക്കുകയാണ് ഇശൽ രാമായണത്തിലൂടെ അദ്ദേഹം ചെയ്യുന്നത്. രാമായണത്തിലെ ഇതിവൃത്തം സാംശീകരിച്ച് മാപ്പിളപ്പാട്ടിൻെറ എല്ലാ ലക്ഷണങ്ങളും ഉൾപ്പെടുത്തി ഒരു സ്വപ്ന കാവ്യം രചിക്കാനുള്ള ധൈര്യം അഭിനന്ദനീയമാണ്. രാമായണത്തെക്കുറിച്ചുള്ള പഠനവും മഹദ്വ്യക്തികളിൽനിന്നുള്ള ഉപദേശ നിർദേശങ്ങളും സ്വീകരിച്ച് കുറ്റമറ്റരീതിയിൽ തയാറാക്കുന്ന ഈ രചന ശ്രേഷ്ഠമാകട്ടെ. അദ്ദേഹത്തിൻെറ തൂലിക മലയാളസാഹിത്യത്തിനും ഇതര സാഹിത്യ മേഖലകൾക്കും കരുത്തായി, തുണയായി ഭവിക്കട്ടെ എന്നാശംസിക്കുന്നു.

സുദർശനൻ കൈനകരി

---

### പഠനങ്ങൾ പ്രസിദ്ധീകരിക്കുന്നു

കേരള സാഹിത്യ അക്കാദമി കോളജ്/സർവകലാശാല മലയാള ഭാഷാ സാഹിത്യ അധ്യാപകരുടെയും മലയാള ഭാഷാ സാഹിത്യ ഗവേഷണ വിദ്യാർഥികളുടെയും പഠനങ്ങൾ ഉൾപ്പെടുത്തി ‘സാഹിത്യലോകം’ ദ്വൈമാസികയുടെ ഒരു പ്രത്യേക പതിപ്പ് പ്രസിദ്ധീകരിക്കുന്നു. അക്കാദമി ഗവേഷണത്തിൻെറ രീതിശാസ്ത്രം പാലിച്ചുകൊണ്ടും രീതിശാസ്ത്രത്തെ ഗവേഷണ വിഷയവുമായി ബന്ധപ്പെടുത്തിക്കൊണ്ടും തയാറാക്കുന്ന പഠനങ്ങളാണ് പരിഗണിക്കുക. മലയാള ഭാഷ, സാഹിത്യം, കേരള സംസ്കാരം എന്നീ വിഷയങ്ങളിലുള്ള പഠനങ്ങൾ മാത്രമേ സ്വീകരിക്കൂ. ഗവേഷണ വിദ്യാർഥികളുടെ പഠനങ്ങൾ അവരുടെ മാർഗദർശി നിലവാരം പരിശോധിച്ച് തിരഞ്ഞെടുത്ത് സാക്ഷ്യപത്രത്തോടുകൂടി അയക്കേണ്ടതാണ്. അധ്യാപകർ നിലവിൽ ജോലി ചെയ്യുന്നതിൻെറ വിവരങ്ങൾ ഉൾപ്പെടുത്തണം. പഠനങ്ങളുടെ സാങ്കേതിക വിവരങ്ങൾ, ഐ.എസ്.എമ്മിലെ എം.എൽ രേവതി ഫോണ്ട്,11 പോയൻറ് വലുപ്പം, പരമാവധി പേജ് 10, അവസാന തീയതി സെപ്റ്റംബർ 15.

അയക്കേണ്ട വിലാസം: പത്രാധിപർ, സാഹിത്യലോകം ദ്വൈമാസിക, കേരള സാഹിത്യ അക്കാദമി, തൃശൂർ-680020 ഇ മെയിൽ keralasahityaakademi@gmail.com

### ‘നോവൽ’ പുരസ്കാരം

‘നോവൽ ബുക്സ്’ നോവൽ പുരസ്കാരത്തിന് കൃതി ക്ഷണിക്കുന്നു. കൈയെഴുത്തുപ്രതിയോ ഡി.ടി.പി ചെയ്തതോ ആയിരിക്കണം, വിവർത്തനം സ്വീകരിക്കുകയില്ല. അച്ചടിക്കുമ്പേൾ കുറഞ്ഞത് 100 പേജ് ഉണ്ടായിരിക്കണം. ഒന്നാം സമ്മാനം 10,001 രൂപയും പ്രശസ്തിപത്രവും രണ്ടാം സമ്മാനം 5001 രൂപയും പ്രശസ്തിപത്രവും. അവസാന തീയതി ഒക്ടോബർ 31. വിലാസം: എം.എക്സ് മാത്യു (സെക്രട്ടറി), മേമന, ഗോതുരുത്ത് പി.ഒ, പിൻ: 683516 ഫോൺ: 9847874487, 7012145683.

---

വാരാദ്യമാധ്യമത്തിലേക്കുള്ള കത്തുകൾ
വാട്സ്ആപ് വഴിയും
രചനകൾ ഇ-മെയിലിലൂടെയും അയക്കാം.
whatsapp: **9645006105**
e-mail: **varadyam@madhyamam.in**
തപാൽ വിലാസം: പത്രാധിപർ, വാരാദ്യമാധ്യമം, വെള്ളിമാട്കുന്ന്,പി.ഒ. കോഴിക്കോട് -12

കഥ

# മണ്ണിനടിയിലെ പുഞ്ചിരി


● ചിത്രീകരണം: ശബ്ന സുമയ്യ

**ഡോ. ടി.പി. മെഹ്റൂഫ് രാജ്**

തൊടിയിലെ തെക്കേപ്പുറത്തെ വാഴത്തോട്ടത്തിൽ കുലച്ച നാടൻ പൂവൻ തൈകളെ പരിചരിച്ചു തുടങ്ങിയ വേളയിലാണ് അന്ത്രു ഹാജിയിലെ മാറ്റം ഭാര്യ പാത്തുത്താത്ത ശ്രദ്ധിച്ചത്. മികച്ച കർഷകനെങ്കിലും സ്വതവേ മിതഭാഷിയും സ്നേഹം പ്രകടിപ്പിക്കുന്നതിൽ പിശുക്കനും ഗൗരവക്കാരനുമായ ഹാജിയാർക്കാകെയൊരു മാറ്റം. വാഴക്കൂട്ടങ്ങൾക്കിടയിൽനിന്നും മടങ്ങിവരുന്ന ഹാജിയിൽ മൊത്തത്തിലൊരു ലാവണ്യം, നടത്തം താളാത്മകം, മുഖം പ്രസാദാത്മകം, കണ്ണുകളിൽ കാരുണ്യം, ഉള്ളിൽ താരുണ്യം. 'എടീ മോളെ' എന്നൊക്കെയുള്ള വിളികളിൽ ഒരു ശ്രുതിസുഭഗത, മുമ്പില്ലാത്തത്... പാത്തുത്താത്ത അതൃപ്പം പൂണ്ടു.

പിന്നീടുള്ള ദിനങ്ങൾ വീട്ടുകാരിയുടെ ആശങ്ക, കൗതുകത്തിനും വിസ്മയത്തിനും വഴിമാറി. വാഴക്കൂട്ടത്തിൽ പോയി മടങ്ങിവരുന്ന അയൽപക്കത്തെയടക്കമുള്ള കുഞ്ഞുകുട്ടി പേരക്കിടാങ്ങൾക്കുപോലും ഒരു ഛന്ദസ്സ്. ചിരിക്കാത്ത മുഖങ്ങളിൽ മന്ദസ്മിതം. മൊബൈൽ പ്രവർത്തനം കുറച്ച് പെൺകുട്ടികൾ അടുക്കളയിൽ കയറുന്നു. അമ്മമാർക്ക് കൈ സഹായമാകുന്നു. ആൺകുട്ടികൾ ഇതുവരെ കാണാത്ത തരത്തിൽ ഒരു മൃദുത്വം. അവർ പറമ്പുകളിൽ കയറുന്നു, സസ്യലതാദികളോടും മണ്ണിനോടും കുശലംപറയുന്നു. വീട്ടുകാര്യങ്ങളിലൊക്കെ ഒരു ശ്രദ്ധ.

തോട്ടത്തിലെ വാഴകളൊന്നുമറിഞ്ഞില്ല. അവ പക്ഷേ, മറ്റു തോപ്പുകളിലുള്ളതിനെക്കാൾ കൂടുതൽ തലയാട്ടുകയും ചിരിക്കുകയും ചെയ്തു. ഇലകൾക്ക് കൂടുതൽ ഹരിതാഭ, കുലകൾ കൂടുതൽ നിബിഡം, കൂമ്പുകളിൽ കൂടുതൽ തേൻ...

പതുക്കെ അന്ത്രുഹാജിയും കുടുംബവും വാഴത്തോപ്പും ക്രമേണ സമൂഹത്തിന്റെ ശ്രദ്ധാകേന്ദ്രങ്ങളാകുകയായിരുന്നു.

വീട്ടിലെ കോഴികളിൽനിന്നും കൂടുതൽ മുട്ടകൾ ലഭിച്ചുതുടങ്ങിയതും തൊഴുത്തിലെ പശു കൂടുതൽ പാൽ ചുരത്താൻ തുടങ്ങിയതും മറ്റാരും ശ്രദ്ധിച്ചില്ലെങ്കിലും പാത്തുത്താത്ത ഉൾക്കൊള്ളാതിരുന്നില്ല.

മരത്തലപ്പുകൾ അണ്ണാറക്കണ്ണന്മാരുടെയും പക്ഷിക്കൂട്ടങ്ങളുടെയും ചിലപ്പുകളാൽ മുഖരിതമായി.

ആയിടക്കാണ് വാർഡ് തെരഞ്ഞെടുപ്പിന് വോട്ട് ചോദിക്കാനും സംഭാവന പിരിക്കാനുമായി പഞ്ചായത്ത് പ്രസിഡൻറ് അപ്പുക്കുട്ടേട്ടൻ സാമന്തന്മാരോടൊപ്പം എത്തിയത്. മിക്കപ്പോഴും വാഴത്തോപ്പിൽ തന്നെയാണ് ഹാജിയാർ.

വാഴകൾക്കിടയിൽ കുശലാന്വേഷണവുമായി ഹാജിയാരുടെ കൂടെ കറങ്ങിനടന്ന് ആഹ്ലാദചിത്തനായി മടങ്ങി പ്രസിഡൻറ്. അതിന്റെ അഞ്ചാം നാളാണ് അദ്ദേഹത്തിന്റെ അധ്യാപികയായ ഭാര്യ കൗസല്യച്ചേച്ചി വീടിനടുത്ത ഇടവഴിയിലൂടെ പോകുമ്പോൾ കടായിൽ നിൽക്കുന്ന പാത്തുത്താത്തയോട് ചിരിച്ചുകൊണ്ട് മൊഴിഞ്ഞത്. അവിടെവന്ന് മടങ്ങിയതിൽ പിന്നെ മൂപ്പർക്കാകെ ഒരു മാറ്റം. ഒരു സൗകുമാര്യം കൂടുതൽ. എല്ലാ കാര്യത്തിലുമുണ്ടൊരു മികവ്, ക്ഷമത, മർമചൈതന്യം -ആകക്കൂടെ തെറ്റില്ല എന്നല്ല, ശരിയേറെയുണ്ട് താനും.

അന്ത്രുഹാജിയുടെ വാഴത്തോപ്പിന്റെ പോരിശ ക്രമേണ നാടെങ്ങും വ്യാപിക്കുകയാണ്. ആകസ്മികമായോ അല്ലാതെയോ അവിടം വന്നുപോയവരൊക്കെ, വിരസത വിപണനം ചെയ്യുന്നവർപോലും സൗമ്യരും പ്രസാദവദനരും സർഗാത്മകത ആവേശിച്ചവരുമായി മാറുന്നു.

അവിടെ ഏതോ ദിവ്യൻ മൺമറഞ്ഞു കിടക്കുന്നുണ്ടാകും. പൗരാണികതയിൽനിന്നും അദ്ദേഹത്തിന്റെ ചൈതന്യം ആധുനികതയിലേക്ക് പുറപ്പെട്ടുവന്നതാകും എന്നൊക്കെയായി ജനസംസാരം.

ദിനരാത്രങ്ങൾ കൊഴിഞ്ഞുവീഴുന്നു, നാട്ടാരുടെ ഉദ്വേഗം ആകാശം മുട്ടെ ഉയരുന്നു. ഏതോ ദിവ്യസേവയെന്ന് വലിയൊരു വിഭാഗം ജനവും കൂട്ടഹിസ്റ്റീരിയപോലെ എന്തോ ആയിരിക്കുമെന്ന് യുക്തിവാദികളുടെ ചെറിയൊരു കൂട്ടവും വാദിച്ചുകൊണ്ടിരിക്കുമ്പോഴാണ് സ്ഥലത്തെ മികച്ച നിരീശ്വരവാദിയും അതിഭൗതികനുമായ ശിവരാമൻ പരീക്ഷണാർഥം പര്യവേക്ഷണത്തിനായി ഹാജിയുടെ കൃഷിയിടത്തിലെത്തിയത്.

തൊട്ടും മണത്തും ചവിട്ടിനോക്കിയുമൊക്കെ അവിടെയെല്ലാം ചുറ്റിനടന്ന് മടങ്ങിയ ശിവരാമനിലും കാണായി അത്രെ ഭാവമാറ്റം. അത് അയാളുടെ മക്കളുടെയും വിശിഷ്യ ഭാര്യ വനജയുടെയും മുഖങ്ങളും പ്രതികരണങ്ങളും സാക്ഷ്യപ്പെടുത്തി.

വാഴത്തോട്ടത്തിന്റെ ദുരൂഹതകളെക്കുറിച്ചുള്ള ചർച്ചകൾക്കിടയിലാണ് ജിയോളജി വകുപ്പുകാരുടെ പര്യവേക്ഷണ സംഘമെത്തുന്നത്. അവർ പലവിധ ഉപകരണങ്ങളും മാപിനികളും അടങ്ങിയ സർവസന്നാഹങ്ങളുമായാണെത്തിയത്. തലങ്ങും വിലങ്ങും നെടുങ്ങനെയും കുറുകെയും ആഴത്തിലും വീതിയിലുമൊക്കെ മണ്ണ് ഇഴകീറി അരിച്ചുപെറുക്കി അവരുടെ യന്ത്രങ്ങൾ.

പോയകാലത്തെ തികവാർന്ന കണിയാൻ രാമർ അവർകളുടെ പേരക്കുട്ടി നരേന്ദ്രനാണ് ജിയോളജിക്കാരുടെ മെയിൻ പര്യവേക്ഷകൻ.

പഞ്ചായത്ത് പ്രസിഡൻറും ആത്മീയ വാദികളും ഭൗതികവാദികളും സാമ്രാജ്യത്വ വിരുദ്ധരുമടങ്ങിയ വൻ ജനാവലിയെ സാക്ഷിനിർത്തി നടന്ന വിശദ പരീക്ഷണ നിരീക്ഷണങ്ങൾക്കൊടുവിൽ നരേന്ദ്രനും സംഘവും ഹാജിയാരോട് കാര്യങ്ങൾ ചോദിച്ചറിയാനാരംഭിച്ചു.

അവർ തുടങ്ങിയതിങ്ങനെ: ഹാജിയാരെ. ഇവിടെ വാഴത്തോപ്പിൽ മണ്ണിനടിയിലാകെ എന്തോ മേത്തരം ശ്രുതിലയ താള ലാസ്യ ലാവണ്യ മിശ്രിതത്തിന്റെ വൻ ശേഖരമുണ്ട്. അതിന്റെ ഉറവിടമാണറിയേണ്ടത്.

താങ്കളും കുടുംബവും ഇവിടെ ജനിച്ചു വളർന്നതാണോ അതോ ഇവിടെ താമസം മാറി വന്നതാണോ? അങ്ങനെയെങ്കിൽ ആരായിരുന്നു ഇവിടത്തെ മുൻ വാസക്കാർ? അവരുടെ തൊഴിൽ? ആദ്യകാലത്തിത്ര ജന ജീവിവാസമുണ്ടായിരുന്നോ, കിണറിലിത്ര വെള്ളമുണ്ടായിരുന്നോ, മണ്ണിന് തവിട്ടുനിറം ആകാശത്തിനു നീലനിറം തന്നെയായിരുന്നോ? അങ്ങനെ പോയി ചോദ്യങ്ങൾ.

ഹാജിയാരുടെ മറുപടി ഇങ്ങനെ: അതെ, ഇവിടെ താമസമാക്കിയിട്ട് അഞ്ചുകൊല്ലമായി. അതിനും മുമ്പേ സ്ഥലത്തെ വലിയ ഓട്ടുകമ്പനിയിലെ റൈറ്റർ ഗോഡ്ഫ്രീയും കുടുംബവുമായിരുന്നു അന്തേവാസികൾ. അഞ്ചു മക്കളുള്ള അയാൾ വലിയ പാശ്ചാത്യസംഗീതജ്ഞനും ധാരാളം ശിഷ്യസമ്പത്തുള്ള അധ്യാപകനുമായിരുന്നു. സൗജന്യമായിരുന്നത്രെ ശിക്ഷണം. അത്യാവശ്യം നന്നായി മദ്യപിച്ചിരുന്നയാൾ -മോശമല്ലാത്ത ദാരിദ്ര്യത്തിലാറാടിയിരുന്നു. തുടർന്ന് അയാൾ വീട് വിറ്റ് എങ്ങോട്ടോ പോയി. കുറേക്കാലം ആളൊഴിഞ്ഞുകിടന്നു ഇവിടം. ഞങ്ങൾ വരുമ്പോൾ വീടുനിറയെ പുസ്തകങ്ങളായിരുന്നു. വലിയ വലിയ കട്ടികൂടിയതും അല്ലാത്തതുമായ നോട്ട്ബുക്കുകളും പ്രിൻറ് ചെയ്തവയും. മുറികളിലും ഇടനാഴിയിലുമൊക്കെ അവ ചിതറിക്കിടന്നു. പലവിധ എഴുത്തുകളും വരകളും കുറികളും തലകീഴായി വാവലുകൾ തൂങ്ങിനിൽക്കുന്നപോലെ. അവിടവിടെ ചില സംഗീതോപകരണങ്ങളുടെ ദ്രവിച്ച അവശിഷ്ടങ്ങൾ. ഞങ്ങൾക്കതുകൊണ്ടൊക്കെ എന്തു മെച്ചം? ഞാനവയൊക്കെയെടുത്ത് തെക്കേപ്പുറത്ത് വല്യ വല്യ കുഴികൾ വെട്ടി അവയിലിട്ട് കത്തിച്ച് ചാരമാക്കി -പുറത്ത് മണ്ണു കോരിയിട്ട് നിരപ്പാക്കി വാഴകൃഷി തുടങ്ങി. അതാണുണ്ടായത്.

യെസ്, യെസ് അപ്പോ, അതാണ് സംഭവിച്ചത്... അതാണ് സംഭവിച്ചത് യൂറിക്കാ, യൂറിക്കാ, എന്ന് ഉറക്കെ വിളിച്ചുപറഞ്ഞുകൊണ്ട് നരേന്ദ്രൻ ആ പഴയ ഇരുനിലക്കെട്ടിടത്തിന്റെ ദീർഘകാല മൗനം ഘനീഭവിച്ചുകിടക്കുന്ന മുറ്റത്തുകൂടി ഓടി. തിരിച്ച് മധ്യതാളത്തിലൂടെ ദ്രുതഗതിയിൽ വാഴത്തോപ്പിലെത്തി. എവിടെനിന്നൊക്കെയോ ഊർജവും ഉണർവും കാൽപനികതയും ശ്രുതിസുഭഗതയും ഉന്മാദവും ഒക്കെ അയാളുടെ കാലുകളിലേക്ക് ആവേശിക്കുകയാണ്, അരിച്ചു കയറുകയാണ്.

അയാളുടെ ഹൃദയം നനുത്തു തരളിതമായി, മസ്തിഷ്കം ലോലമായി മുഖം പൂർണേന്ദു, ചുണ്ടുകളിലും ചൊടികളിലും അരുണിമ, കണ്ണുകളിൽ ലാസ്യം. ഒരു ചടുലനടനത്തിലേക്കയാൾ ഊർന്നുവീഴുകയാണ്. അവിടമാകെ ശ്രുതിലയതാളത്തിന്റെ ഒരു കാന്തിക തരംഗമേഖല രൂപംകൊള്ളുകയാണ്. കൂടിയവരുടെയെല്ലാം പാദങ്ങൾ വാഴച്ചുവടുകൾക്കിടയിലേക്ക് അറിയാതെ നീങ്ങുന്നു. സ്വരങ്ങളോരോന്നും അവയുടെ ഗമഗകൂട്ടായ്മകളിലേക്കും അനന്തരം സ്വന്തം രംഗങ്ങളുടെ ഉള്ളഴക്കുകളിലേക്കും അനുസരണയോടെ ഒഴുകിക്കയറുന്നപോലെ.

പൊടുന്നനെ സർവരും സുന്ദരികളുടെയും സുന്ദരന്മാരുടെയും മുഖകാന്തി അണിയുന്നു. എല്ലാ പാദങ്ങളിലും മാന്ത്രിക നൂപുരങ്ങളുടെ പുണരലുകൾ.

●

തോട്ടത്തിലെ മണ്ണിന്റെ അകതാരിൽനിന്നും മൊസാർട്ടും ബിഥോവനും ഹാൻഡലും ബാകുമൊക്കെ അതീവ ഹൃദ്യമായി പുഞ്ചിരിച്ചുകൊണ്ടിരുന്നു.

●

കവിത


● ചിത്രീകരണം: കെ. നിസാർ

# ആരാണ്?

**ജമീൽ അഹ്മദ്**

മുമ്പ്.
ഹൃദയത്തിൽനിന്ന് ഹൃദയത്തിലേക്ക്
പുഴ ഒഴുകുന്നുണ്ടായിരുന്നു.
അതിന്റെ ഇരു കരകളിലും
പച്ച തെങ്ങോലയും
കാവിമണ്ണും
തോളിൽ കൈയിട്ട് നടന്നിരുന്നു

മുല്ലയുടെ പരിരംഭണത്താൽ
ചെമ്പരത്തിക്കുപോലും കിട്ടി ഇത്തിരി നറുമണം.

കുളികഴിഞ്ഞ മലയുടെ നെറുകിൽ
സന്ധ്യ രാസ്നാതിപ്പൊടി തിരുമ്മി
ജലദോഷം ഒലിക്കുന്ന പുലരികൾക്ക്
ഇളംവെയിൽ ആവി പിടിച്ചു
ഈറനായ നാട്ടുപാതകളെ
നട്ടുച്ച ഉണക്കിയുടുത്തു
വൈകുന്നേരങ്ങളിൽ മൈതാനത്ത്
വെയിലും മഴയും കല്യാണം കളിക്കാനെത്തി
മുമ്പ്.

ഇപ്പോൾ
പുഴ ഒഴുകുന്നില്ല.


എന്നാൽ,
തോളിൽ കൈയിട്ട് നടക്കുന്നുണ്ട്
കല്യാണം കളിക്കുന്നുണ്ട്
നമ്മെ കാണാനിരുത്തി
ആരോ!

●

വായന

# ആധിപത്യത്തിലേക്കുള്ള പരിണാമങ്ങൾ

**ഉണ്ണികൃഷ്ണൻ രാമന്തളി**



**മെയ്ൻ കാംഫ്**
ജയചന്ദ്രൻ
വില: 170 രൂപ
പ്രസാധകർ: ഡി.സി ബുക്സ്
പേജ്: 183

മനുഷ്യാവസ്ഥ ഉള്ളിടത്തൊക്കെയും സാഹിത്യം രൂപപ്പെടും. ആ അർഥത്തിൽ പ്രവാസ സാഹിത്യം എന്ന പദപ്രയോഗത്തിന് പ്രസക്തിയില്ല. എന്നാൽ, പ്രവാസ എഴുത്തുകാരുടെ കൃതികൾ നമ്മുടെ സാഹിത്യത്തിന്റെ ഒരു അവിഭാജ്യ ഘടകമായ സമകാലിക സാഹചര്യത്തിൽ അങ്ങനെ ഒരു പ്രയോഗം പ്രസക്തവുമാണ്. അടുത്ത കാലത്ത് ഏറ്റവും കൂടുതൽ ആളുകൾ വായിച്ച ഒരു പ്രവാസ കൃതി ബെന്യാമിന്റെ ആടുജീവിതമാണ്. ബെന്യാമിൻ എഴുതി തെളിഞ്ഞ ബഹ്റൈനിലെ അതേ മണ്ണിൽ നിന്നുകൊണ്ടാണ് ജയചന്ദ്രൻ എഴുത്തിന്റെ ലോകത്തേക്ക് ഉയർന്ന് വന്നത്. ജയചന്ദ്രന്റെ 'മെയ്ൻ കാംഫ്' ഒരു നോവൽ' എന്ന കൃതി പ്രസിദ്ധപ്പെടുത്തിയത് കഴിഞ്ഞ ഡിസംബറിലാണ്. ഡി.സി ബുക്സ് ആണ് പ്രസാധകർ. മാധ്യമം ആഴ്ചപ്പതിപ്പ് ഖണ്ഡശ്ശ പ്രസിദ്ധീകരിച്ചിരുന്നു.


അധികാരത്തോടുള്ള ആസക്തി മനുഷ്യന്റെ സനാതന പ്രവണതയാണ്. അതിന്റെ അനന്ത സാധ്യത ലോകത്തെ കീഴ്പ്പെടുത്താനുള്ള അവന്റെ വ്യഗ്രതയായ് പരിണമിക്കുകയും ചെയ്യുന്നു. ആജ്ഞയുടെയും ഭീരുത്വത്തിന്റെയും മുകളിൽ ആക്രോശത്തിന്റെ അലകളുമായ് ബോസ് രൂപപ്പെടുന്നു. എല്ലാ ചലനങ്ങളും തന്റെ നിയന്ത്രണ ത്തിലാണെന്ന് വിശ്വസിക്കുന്നിടത്തു ബോസ് എന്ന ഏകാധിപതിയുടെ രൂപം പൂർണമാകുന്നു. ഈ രൂപപരിണാമം പരിണാമ സിദ്ധാന്തത്തിലേതുപോലെ സൂക്ഷ്മമായും ഭ്രാമാത്മകമായും 43 അധ്യായങ്ങളിലൂടെയാണ് ജയചന്ദ്രൻ ചിത്രീകരിക്കുന്നത്.

അന്യന്റെ ജീവിത ക്രമങ്ങളും സ്വഭാവ വൈചാത്യങ്ങളും അനായാസം മനസ്സിലാക്കിയെടുക്കാൻ കഴിവുള്ള നാരായണൻ എന്ന നാട്ടിൻപുറത്തുകാരനാണ് കേന്ദ്ര കഥാപാത്രം. നാരായണൻ ഗൾഫിലേക്ക് പറക്കുകയും ഒരു നിർമാണ കമ്പനിയിൽ ജോലി നോക്കുകയും ചെയ്യുന്നു. പത്താം ക്ലാസ് പൊലും പാസാകാത്ത ശരാശരി നാട്ടിൻപുറത്തു കാരനായ നാരായണനിലേക്ക് അഡോൾഫ് ഹിറ്റ്ലറിന്റെ ഏകാധിപത്യ സ്വഭാവം സന്നിവേശിക്കുന്നതിനു നോവലിസ്റ്റ് ഉപയോഗിച്ച ഭാഷയുടെ സൗന്ദര്യം ഒരു പരകായ പ്രയോഗത്തിലെ അത്ഭുതസിദ്ധിപോലെ വായനക്കാരനെ ആകർഷിക്കുന്നു. ഈ ആകർഷണം വായനയുടെ വേഗത കൂട്ടുന്നു. കെട്ടിടത്തിന്റെ ഉയരങ്ങളിലേക്ക് ലിഫ്റ്റിൽ സഞ്ചരിക്കുമ്പോൾ ചകിതനായി ഉച്ചത്തിൽ നിലവിളിക്കുന്ന നാരായണൻ ജീവിത്തിന്റെ പല ഉയരങ്ങളും ഒറ്റക്ക് കീഴടക്കാൻ ഏകാധിപതിയായ ഹിറ്റ്ലറുടെ ആത്മകഥയായ മെയ്ൻ കാംഫിലെ സൂക്തങ്ങൾ ഉരുവിടുന്നു. ഈ ആത്മകഥ അയാളുടെ ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനമാണ് നോവലിന്റെ ശീർഷകത്തിന് ആധാരം. ജീവിതമൂല്യങ്ങളും സമൂഹനന്മയും കൈമോശം വന്ന സമകാലിക സാഹചര്യത്തിൽ ഏകാധിപതികൾ രൂപം കൊള്ളുന്നതെങ്ങനെയെന്ന് വരച്ചുകാണിക്കുവാൻ ഒരു സിവിൽ എൻജിനീയർ കൂടിയായ ജയചന്ദ്രൻ ഉപയോഗിക്കുന്ന ഡ്രോയിങ്സ് ലളിതവും ആകർഷണീയവുമായ ഭാഷയുടെ സൗന്ദര്യമാണ്. ഇന്ന് കാണുന്ന ഗൾഫിലെ ഉയർന്ന കെട്ടിട സമുച്ചയങ്ങളും പാലങ്ങളും കാലാകാലങ്ങളായുള്ള നിർമാണ പ്രവർത്തനത്തിലൂടെ രൂപപ്പെട്ടതാണ്. ഇതിനുപിന്നിൽ പ്രവർത്തിച്ചത് തുച്ഛ ശമ്പളക്കാരായ തൊഴിലാളികളും എൻജിനീയർമാരും മറ്റ് ഉദ്യോഗസ്ഥരും അടങ്ങുന്ന ഒരു വൻസന്നാഹമാണ്. ഇതിൽ ഭൂരിഭാഗം ഇന്ത്യക്കാരുമാണ് നിർമാണ മേഖലയിലെ ഈ പ്രവാസ ലോകത്തെയും അവരുടെ സാമൂഹിക പശ്ചാത്തലത്തെ പറ്റിയും ഒരു നോവൽ മുന്നേ ഉണ്ടാകേണ്ടിയിരുന്നു എന്ന് എനിക്കു തോന്നിയിരുന്നു. ആ തോന്നലിനുള്ള ഉത്തരം കൂടിയാണ് ഈ നോവൽ.

അധ്വാനശീലരായ തൊഴിലാളികളും അഭ്യസ്ത വിദ്യരായ എൻജിനീയർമാരും ആജ്ഞാപിക്കാൻ മാത്ര മറിയാവുന്ന മേലാളന്മാരുമടങ്ങുന്ന ഒരു അധികാര ശ്രേണി (hierarchy) അപ്പച്ചൻ മുതലാളി രൂപപ്പെടുത്തിയിരുന്നു. ഈ അധികാര ശ്രേണിയിൽ വിള്ളലുണ്ടാക്കാനും അധികാര സ്ഥാനത്തേക്ക് തന്നെ അവരോധിക്കാനും നാരായണൻ നടത്തുന്ന പടയൊരുക്കം ചെറുതല്ല. ജന്മനാ മടിയനായ നാരായണന് ഈ പടയൊരുക്കത്തിനുള്ള പ്രാപ്തി നൽകുന്നത് ഉറക്കം വരാത്ത രാത്രികളിൽ അയാൾ വായിച്ചെടുക്കുന്ന ഹിറ്റ്ലറുടെ ആത്മകഥാംശത്തിലെ ഊർജ സ്രോതസ്സാണ്. ഇരുട്ടിന്റെ മറവിൽ ശത്രുനിഗ്രഹം നടത്താൻ ഒരു കോട്ട തന്നെ പണിതുയർത്തിയ ആ ഏകാധിപതിയുടെ അധഃപതനം കൂട്ടിക്കൊടുപ്പും കുതികാൽവെട്ടുമുൾപ്പെടെയുള്ള സാമ്പ്രദായിക രീതിയായി മെയ്ൻ കാംഫ് എന്ന ആത്മകഥയെ നാരായണൻ മലയാളീകരിച്ചു. ഏകാധിപത്യത്തിന്റെ ആൾരൂപമായ അഡോൾഫ് ഹിറ്റ്ലറുടെ ആത്മകഥയായ മെയ്ൻ കാംഫ് (my struggle) പ്രസിദ്ധീകരിച്ചത് 1925 ലാണ്. "നിങ്ങൾ വിജയിക്കുകയാണെങ്കിൽ അതേപ്പറ്റി നിങ്ങൾ വിസ്തരിക്കണമെന്നില്ല, പരാജയപ്പെടുകയാണെങ്കിൽ അതേപ്പറ്റി വിസ്തരിക്കാൻ നിങ്ങൾ ഉണ്ടാവണമെന്നുമില്ല" എന്ന് ഹിറ്റ്ലർ എഴുതി. ജയപരാജയങ്ങളുടെ തത്ത്വസംഹിതയാണ് ആ ആത്മകഥ. പ്രസ്തുത ആത്മകഥയുടെ പുറംചട്ടയുമായ് സാദൃശ്യം പുലർത്താൻ പ്രസാധകർ ശ്രമിച്ചിട്ടുണ്ട്.

●

പുസ്തകം



**രക്തകിന്നരം**
60 ചുള്ളിക്കാട് കവിതകൾ
ബാലചന്ദ്രൻ ചുള്ളിക്കാട്
പേജ്: 136, വില: 150.00
ഡി.സി ബുക്സ്

അറുപതിൽ എത്തിനിൽക്കുന്ന മലയാളത്തിന്റെ പ്രിയകവിയുടെ തിരഞ്ഞെടുത്ത 60 കവിതകൾ. പ്രശസ്ത കവയിത്രി സുഗതകുമാരി തിരഞ്ഞെടുത്ത കവിതകളാണ് ഈ സമാഹാരത്തിൽ.




**ചരക്കുസേവന നികുതി**
എബ്രഹാം റെൻ എസ്
ജയൻ കെ.ജി
പേജ്: 208, വില: 200.00
ചിന്ത പബ്ലിഷേഴ്സ്

രാജ്യത്തെ നികുതി വ്യവസ്ഥയിലെ പുതിയ പരിഷ്കാരമായ ചരക്കുസേവന നികുതിയെ (ജി.എസ്.ടി) പരിചയപ്പെടുത്തുന്ന പുസ്തകം. ഉപഭോക്താക്കൾ മുതൽ കച്ചവടക്കാർവരെയുള്ളവർക്ക് ഉപകാരപ്രദമായ വിവരങ്ങൾ.



**മരങ്ങൾ നട്ട മനുഷ്യൻ (ബാലസാഹിത്യം)**
ഴാൻ ജൊനൊ
വിവ. പി.എസ്. രാകേഷ്
പേജ്: 40, വില: 40.00, മിന്നാമിന്നി

മലഞ്ചെരിവുകളിലെ പാഴ്നിലങ്ങളിൽ മരം വെച്ചുപിടിപ്പിച്ച് വനമാക്കി തീർത്ത എൽസിയാർ ബുഫ്യെയുടെ ജീവിതകഥ. മരങ്ങളോടും മരങ്ങൾ നടുന്നതിനോടും ഇഷ്ടമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ എഴുതിയ പുസ്തകം.



**ഏകാകികളുടെ ആൾക്കൂട്ടം**
ഒ.പി. സുരേഷ്
പേജ്: 80, വില: 75.00
ചിന്ത പബ്ലിഷേഴ്സ്

വ്യത്യസ്ത ദേശകാലങ്ങളിലൂടെയുള്ള കവിയുടെ അനുഭവസഞ്ചാരങ്ങൾ. യാത്രയുടെ ഉത്സാഹവും ഓർമയുടെ മിഴിവും ആകർഷകമായി അടയാളപ്പെടുത്തുന്ന ഗദ്യസമാഹാരം.




**അതെന്റെ ഹൃദയമായിരുന്നു പ്രണയമൊഴികൾ**
റിമ കല്ലിങ്കൽ, ആഷിക് അബു
പേജ്: 93, വില: 90, ഡി.സി ബുക്സ്

മലയാളത്തിന്റെ പ്രണയാതുരതയെ രേഖപ്പെടുത്തുന്ന പുസ്തകം. ലോക സാഹിത്യത്തിലെയും മലയാള സാഹിത്യത്തിലെയും പ്രണയമൊഴികൾ എന്നിവക്ക് പുറമെ, സിനിമയിലെയും പാട്ടിലെയും പ്രണയോദ്ധരണികൾകൂടി ഈ പുസ്തകത്തിൽ സമാഹരിച്ചിരിക്കുന്നു.




**ഉണർവ്വിന്റെ സംഗീതം**
നവാസ് മൂന്നാംകൈ
പേജ്:128, വില: 120.00
ലുമിനസ് പബ്ലിക്കേഷൻസ്

പ്രതിസന്ധികളിൽ പതറാതെ ജീവിതവിജയം കൈവരിച്ച മഹാന്മാരുടെ ജീവിതപാതയിലൂടെയുള്ള സഞ്ചാരം. വിജയത്തിലേക്ക് പറക്കാനുള്ള വിവിധമാർഗങ്ങൾ പ്രതിപാദിക്കുന്ന പുസ്തകം.



**ഒന്നും പറയാതെ**
ദിനേശ് മുട്ടം
പേജ്: 96, വില:100.00
യെസ്പ്രസ് ബുക്സ്

അഗാധമായ വ്യക്തിവ്യഥ അനുഭവിക്കുന്ന കഥാപാത്രങ്ങളിലൂടെ വികസിക്കുന്ന നോവൽ. പ്രണയവും അതിലെ ആകുലതകളും പ്രതികാരവും എല്ലാം കടന്നുവരുന്ന വായനാനുഭവം.



**പള്ളിക്കൊപ്പം പള്ളിക്കൂടം ഇടയലേഖനവും സാർവത്രിക വിദ്യാഭ്യാസ വ്യാപനവും**
എഡി: ഡോ. ആൻറണി പാട്ടപ്പറമ്പിൽ
പേജ്: 176, വില: 150
അയിൻ പബ്ലിക്കേഷൻസ്

വരേണ്യവർഗത്തിനുമാത്രം പ്രാപ്യമായിരുന്ന വിദ്യയെ സൗജന്യവും നിർബന്ധിതവുമാക്കിയ സാഹചര്യത്തെയും അതിൽ ക്രൈസ്തവ സഭകളും പള്ളികളും വഹിച്ച പങ്കിനെയും അടയാളപ്പെടുത്തുന്ന പുസ്തകം.

യാത്ര



മൈസൂരുവിലെ ഗണപതി സച്ചിദാനന്ദ ആശ്രമത്തിലെ ശുകവനത്തിലാണ് പക്ഷികളുടെ ഈ പഞ്ചവർണമേളനം. മനുഷ്യനിർമിതമായ പക്ഷിസങ്കേതം എന്ന നിലയിൽ 'ശുകവനം' സഞ്ചാരികളുടെ ശ്രദ്ധ നേടുകയാണ്. ആയിരത്തിലേറെ തത്തകളാണ് പാടിയും പറഞ്ഞും സന്ദർശകരെ വിസ്മയംകൊള്ളിക്കുന്നത്. ചാമുണ്ഡിഹില്ലിന്റെ താഴ്വരയോടു ചേർന്ന് മൈസൂരു–ഊട്ടി റോഡിലാണ് ഗണപതി സച്ചിദാനന്ദ ആശ്രമം

# ശുകവനത്തിലെ തത്തക്കൂട്ടങ്ങൾ

വാസുദേവൻ കുപ്പാട്ട്

മിനുക്കിയ തൂവലുകൾ വർണവിശറിയാക്കിയും പരസ്പരം കൊക്കുരുമ്മിയും കൂടിന്റെ പരിധികളിൽ അവർ സ്വാതന്ത്ര്യം വിളംബരം ചെയ്തു. കമ്പിവലകളാൽ മറച്ച ആകാശത്തിന്റെ നീലിമ ഓർമകളിൽ നുകർന്ന് പക്ഷിക്കൂട്ടം കളകൂജനങ്ങൾ തുടർന്നു. സന്ദർശകരായി എത്തുന്ന ആയിരങ്ങൾക്ക് ഇത് ഇമ്പംപകർന്ന കാഴ്ചയും കേൾവിയുമായി. മൈസൂരുവിലെ ഗണപതി സച്ചിദാനന്ദ ആശ്രമത്തിലെ ശുകവനത്തിലാണ് പക്ഷികളുടെ ഈ പഞ്ചവർണമേളനം. കർണാടകയിൽ പ്രകൃതിദത്തമായ പക്ഷിസങ്കേതങ്ങൾ ഏറെയുണ്ട്. എന്നാൽ, മനുഷ്യനിർമിതമായ പക്ഷിസങ്കേതം എന്ന നിലയിൽ മൈസൂരുവിലെ 'ശുകവനം' സഞ്ചാരികളുടെ ശ്രദ്ധ നേടുകയാണ്. ആയിരത്തിലേറെ തത്തകളാണ് പാടിയും പറഞ്ഞും സന്ദർശകരെ വിസ്മയംകൊള്ളിക്കുന്നത്. മൈസൂരുവിലെ പ്രസിദ്ധ തീർഥാടനകേന്ദ്രങ്ങളിൽ ഒന്നായ ചാമുണ്ഡിഹില്ലിന്റെ താഴ്വരയോടു ചേർന്ന് മൈസൂരു-ഊട്ടി റോഡിലാണ് ഗണപതി സച്ചിദാനന്ദ ആശ്രമം. ഏക്കർകണക്കിന് സ്ഥലത്ത് ആശ്രമം പണിതിരിക്കുകയാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ശുകവനം എന്ന പക്ഷിക്കൂട്. ഒരു ഏക്കറിലധികം സ്ഥലത്ത് വിവിധ മരങ്ങൾ തണലും തണുപ്പും പകരുന്ന അന്തരീക്ഷത്തിലാണ് പക്ഷികൾക്കുള്ള ചെറുകൂടാരങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. മാവും ആഞ്ഞിലിയും തേക്കിൻതൈകളും ഇലഞ്ഞിയും നിറഞ്ഞുനിൽക്കുന്ന പ്രദേശം യഥാർഥത്തിൽ വനംതന്നെ.

പക്ഷികൾക്ക് അഭയവും അന്നവും ഒരുക്കിയ ശുകവനത്തിന് പിന്നിൽ ഒരു കഥയുണ്ട്. മഠാധിപതി ഗണപതി സച്ചിദാനന്ദ വിദേശ സന്ദർശന വേളയിൽ അപകടത്തിൽനിന്ന് രക്ഷപ്പെട്ട കഥ. അമേരിക്കൻ സന്ദർശനവേളയിലാണ് സച്ചിദാനന്ദ തോണിയപകടത്തിൽപെട്ടത്. അദ്ദേഹം കയറിയ തോണി ആടിയുലയുകയും താമസിയാതെ വെള്ളത്തിൽ മുങ്ങിത്താഴുകയുമുണ്ടായി. അപകടം അറിഞ്ഞ ചിലർ രക്ഷാപ്രവർത്തനവുമായി എത്തി. അതിനുമുമ്പേ അവിടെ പറന്നെത്തിയത് തത്തക്കൂട്ടങ്ങളായിരുന്നുവത്രെ. അവയുടെ സാന്നിധ്യത്തിൽ തനിക്ക് ഊർജം ലഭിച്ചു എന്നാണ് സച്ചിദാനന്ദ പിന്നീട് രേഖപ്പെടുത്തിയത്. ഏതായാലും വിദേശയാത്ര കഴിഞ്ഞ് അദ്ദേഹം ഏതാനും തത്തകളുമായാണ് മടങ്ങിയത്. അവയെ ആശ്രമത്തിൽ വളർത്തി. വിദേശത്തുള്ള അനുയായികളും മറ്റും 25 തത്തകളെ ആശ്രമത്തിന് ദാനമായി നൽകി. അതിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് 2015 മേയിലാണ് ശുകവനം എന്ന പേരിൽ തത്തകൾക്കായി കൂടാരങ്ങൾ പണിതത്. കൂടുകൾക്ക് അകത്തും പുറത്തും തത്തകൾ വിഹരിക്കുന്നത് കാണാം. അമേരിക്കൻ ഐക്യനാടുകളിലെയും ആഫ്രിക്കൻ രാജ്യങ്ങളിലെയും തത്തകൾ വർണവിസ്മയംപോലെ ഇവിടെ വിരാജിക്കുന്നു.

മഞ്ഞനിറമുള്ള ചിറകുകളും നീലനിറമുള്ള നീണ്ടവാലും ശിരസ്സിൽ ചുവപ്പു നിറവും ഉള്ള മെക്സിക്കൻ റെഡ് ക്രൗഡഡ്, പച്ചയും മഞ്ഞയും കലർന്ന തൂവലുകൾ, ചുവന്ന ശിരസ്സുമായി നിൽക്കുന്ന സൺ പാരക്കീറ്റ്, സിൽവർ വർണത്തിലുള്ള ലെസർ സൾഫർ കൊക്കറ്റു, കുട ചൂടിയപോലെ ശിരസ്സിൽ തൂവലുമായി നിൽക്കുന്ന അമ്പ്രല്ല കൊക്കറ്റു, നീലച്ചിറകും കറുത്ത ചുണ്ടുകളുമുള്ള ബ്രൗൺഹാൾ, സിൽവർ നിറത്തിലുള്ള ആസ്ട്രേലിയൻ തത്ത, സൗത്ത് അമേരിക്കയിൽനിന്നുള്ള റൂബി മേക്കോ, കഴുത്തിൽ കറുത്ത തൂവലുമായി നടക്കുന്ന അരാകരി, ഇങ്ങനെ പോകുന്നു തത്തകളുടെ നിര. കൂട്ടിൽ അടങ്ങിയൊതുങ്ങി കഴിയുന്ന ശീലം ഇവക്കില്ല. എപ്പോഴും വായ്ത്താരികളുമായി പുറത്തേക്ക് നോക്കിയിരിക്കും. സന്ദർശകർ ഹലോ എന്നു പറഞ്ഞാൽ ഹലോ എന്ന് തിരിച്ചുപറയും. നാലാം നമ്പർ കൂട്ടിലെ ബ്രൗൺഹാൾ ഇനത്തിൽപെട്ട തത്ത ഇങ്ങനെ ശബ്ദാനുകരണത്തിൽ കേമനാണ്. മറ്റുള്ളവയും സന്ദർശകരുടെ വാക്കുകൾ ആവർത്തിക്കാൻ ശ്രമിക്കുന്നത് പതിവാണ്.

സൺ പാരാക്കീറ്റ്, മിലിട്ടറി മാക്കോ എന്നിവ നല്ല ഒച്ചക്കാരാണ്. അവരുടെ ശബ്ദക്കലവികൾ എപ്പോഴും അന്തരീക്ഷത്തെ മുഖരിതമാക്കും. മെയ്ൻറയിൻ സൈലൻസ് എന്ന് ശുകവനത്തിന്റെ പ്രധാന നിർദേശങ്ങളിലൊന്നായി പലയിടത്തും എഴുതിയിട്ടുണ്ട്. എന്നാൽ, ബഹളക്കാരായ തത്തകൾക്ക് ഈ നിയമം ബാധകമല്ല എന്നു തോന്നും അവരുടെ ഒച്ചയിടൽ കേട്ടാൽ.

രാവിലെ 9.30 മുതൽ ഉച്ചക്ക് 12.30 വരെയും ഉച്ചകഴിഞ്ഞ് 3.30 മുതൽ 5.30 വരെയുമാണ് സന്ദർശകരുടെ സമയം. തത്തകളെ കൈയിലെടുത്ത് ഫോട്ടോ എടുക്കുന്നത് സന്ദർശകരുടെ പതിവാണ്. ഇതിനുള്ള സംവിധാനങ്ങളെല്ലാം ഇവിടെ ഒരുക്കിയിട്ടുണ്ട്. ഒരു ഫോട്ടോ പ്രിൻറിന് 200 രൂപയാണ് ഈടാക്കുന്നത്. സ്ത്രീകളും കുട്ടികളും അടങ്ങുന്ന സന്ദർശക കൂട്ടത്തിന്റെ പ്രധാന ലക്ഷ്യവും ഈ ഫോട്ടോയെടുപ്പുതന്നെയാണ്. അതുകൊണ്ടുതന്നെ നിരക്കിന്റെ ന്യായാന്യായങ്ങളിലേക്ക് അവരുടെ ആലോചന പോകുന്നില്ല എന്നു വേണം കരുതാൻ. കർണാടകത്തിന് പുറമെ തമിഴ്നാട്, കേരളം, ആന്ധ്ര എന്നിവിടങ്ങളിൽനിന്നുള്ളവരും ധാരാളമായി ശുകവനത്തിൽ എത്തുന്നുണ്ട്. 471 ഇനങ്ങളിലായി 2200 തത്തകൾ ഇവിടെയുണ്ടെന്നാണ് കണക്ക്. തത്തകൾക്ക് പുറമെ വേഴാമ്പലുകളും പ്രാവുകളും ഇവിടെയുണ്ട്. വെള്ളരിപ്രാവുകൾ കൂട്ടിലല്ല, പുറത്തുള്ള വിശാലതയിലാണ് പാറിക്കളിക്കുന്നത്. തലയിൽ തൊപ്പിവെച്ച പോലെ തൂവലുള്ള പ്രാവുകളെയും കാണാം. പക്ഷിക്കൂട്ടങ്ങളെ കണ്ടുതീർക്കാൻ ഒന്നര മണിക്കൂർ വേണം. ശുകവനത്തോട് ചേർന്ന് ബോൺസായ് ഉദ്യാനവും ഒരുക്കിയിട്ടുണ്ട്. ഇലഞ്ഞിയുടെയും ആൽമരത്തിന്റെയും മറ്റും കുറിയ ഇനങ്ങൾ കാഴ്ചക്കാർക്ക് കൗതുകം പകരുന്നു.

## പക്ഷികൾക്ക് ഒരു ആശുപത്രി

പക്ഷികളുടെ ചികിത്സക്കായി ശുകവനത്തിൽ ആശുപത്രി സജ്ജീകരിച്ചിട്ടുണ്ട്. പരിവനം എന്ന പേരിലാണ് ആശുപത്രി അറിയപ്പെടുന്നത്. ശുകവനത്തിലെ അന്തേവാസികളായ പക്ഷികൾക്കു മാത്രമാണ് ഇവിടെ ചികിത്സ. വെറ്ററിനറി സർജൻ ഡോ. ശ്രീലക്ഷ്മി, ഡോ. ശശിഭൂഷൺ എന്നിവരാണ് ആശുപത്രിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. പക്ഷികൾക്ക് ആവശ്യമായ എല്ലാ ചികിത്സയും നൽകുന്നുണ്ടെന്ന് ആശുപത്രി മേധാവിയായ ഡോ. ശ്രീലക്ഷ്മി പറഞ്ഞു. വിദേശങ്ങളിൽനിന്ന് എത്തുന്ന പക്ഷികൾക്ക് ചിലപ്പോൾ ആരോഗ്യപ്രശ്നങ്ങൾ നേരിടാം. ചിറകുകൾക്ക് കേടുപാടുകൾ സംഭവിക്കുന്നത് പതിവാണ്. ദഹനസംബന്ധമായ പ്രശ്നങ്ങളുണ്ടാവും. മനുഷ്യർക്ക് ഉണ്ടാവുന്ന ആരോഗ്യപ്രശ്നങ്ങളെല്ലാം പക്ഷികൾക്കും വരാം. പക്ഷികളുടെ ആരോഗ്യം ഉറപ്പു വരുത്തുന്നതിന് സംവിധാനമുണ്ട്. എല്ലാ പക്ഷികളെയും ദിനംപ്രതി നിരീക്ഷണത്തിന് വിധേയമാക്കുന്നു. ഏതെങ്കിലും വിധത്തിലുള്ള അസുഖമുള്ളവയെ കണ്ടെത്തിയാൽ ആശുപത്രിയിൽ പ്രവേശിപ്പിക്കും. സാധാരണഗതിയിൽ മൂന്നാഴ്ചത്തെ ചികിത്സകൊണ്ട് അസുഖങ്ങൾ ഭേദമാകും. രോഗമുക്തി നേടിയ പക്ഷികളെ ശുകവനത്തിലേക്ക് തിരിച്ചയക്കും. പകർച്ചവ്യാധികൾ ബാധിക്കുന്ന ഘട്ടത്തിൽ പ്രത്യേകം ശ്രദ്ധചെലുത്താറുണ്ടെന്ന് ഡോ. ശ്രീലക്ഷ്മി പറഞ്ഞു. ഇത്തരം വേളകളിൽ അസുഖം ബാധിക്കുന്ന പക്ഷിയെ പെട്ടെന്നുതന്നെ ആശുപത്രിയിലേക്ക് മാറ്റുകയാണ് പതിവ്. മറ്റു പക്ഷികൾക്ക് അസുഖം ബാധിക്കാതിരിക്കാൻ മുൻകരുതലെന്ന നിലയിലാണിത്.

ചിറകുകൾക്ക് ഒടിവും ചതവും പറ്റുന്ന പക്ഷികളെ പ്രത്യേക കൂടുകളിലിട്ട് ചികിത്സിക്കുകയാണ് പതിവ്. മരുന്ന് നൽകുന്നതിന് പുറമെ പോഷകാഹാരങ്ങളും ഉറപ്പാക്കും. ചികിത്സ ചിലപ്പോൾ ആഴ്ചകളും മാസങ്ങളും നീണ്ടുനിൽക്കും. വീണ്ടും പറക്കാൻ കഴിയുന്ന അവസ്ഥയിലേക്ക് ചിറകിലെ എല്ലുകൾക്ക് ബലം കിട്ടിക്കഴിഞ്ഞാൽ അവയെ ശുകവനത്തിലേക്ക് അയക്കും. ഒരു കാൽ നഷ്ടപ്പെട്ട ആഫ്രിക്കൻ തത്തയെയും പരിവനം ആശുപത്രിയിൽ കണ്ടു. കൃത്രിമക്കാൽ നൽകി പക്ഷിയെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ പറ്റില്ലെന്ന് അധികൃതർ അറിയിച്ചു. ശിഷ്ടജീവിതം അതിന് കൂട്ടിൽതന്നെ കഴിയേണ്ടിവരും. എന്നാൽ, ഭക്ഷണവും വെള്ളവും കൃത്യമായി നൽകാൻ സംവിധാനമൊരുക്കിയിട്ടുണ്ട്. ഇടക്ക് ഒറ്റക്കാലിൽനിന്ന് ആഫ്രിക്കൻ തത്ത വേദന കലർന്ന വിസ്മയത്തിന് സ്വയം സാക്ഷിയാവുന്നു.

പക്ഷികളുടെ ആരോഗ്യം ഉറപ്പുവരുത്തുന്നതിന് എല്ലാ സംവിധാനങ്ങളും ആശുപത്രിയിൽ ഒരുക്കിയിട്ടുണ്ട്. പോഷകാഹാരക്കുറവ് പരിഹരിക്കാൻ അധികൃതർ ജാഗ്രത പാലിക്കുന്നു. രാവിലെയും ഉച്ചക്കും പ്രത്യേകം ഭക്ഷണക്രമം ഏർപ്പെടുത്തിയിരിക്കുകയാണ്. രാവിലെ പഴങ്ങളാണ് നൽകുക. പപ്പായ, മാങ്ങ, പേരക്ക, കൈതച്ചക്ക തുടങ്ങിയ പഴങ്ങൾ ചെറിയ കഷണങ്ങളാക്കി പാത്രങ്ങളിൽ എത്തിക്കും. ഉച്ചകഴിഞ്ഞ് വിവിധ പച്ചക്കറികൾ നൽകും. കാരറ്റ്, ബീറ്റ്റൂട്ട്, തക്കാളി എന്നിവ അതിൽപെടും. ബദാം, പയർ എന്നിങ്ങനെയുള്ള വിത്തുകളും ധാന്യങ്ങളും പ്രത്യേകമായി നൽകും.

ആശുപത്രിയിൽ ലബോറട്ടറി, ഡിജിറ്റൽ എക്സ്റേ, റേഡിയോളജി വിഭാഗം തുടങ്ങിയവ സജ്ജീകരിച്ചിട്ടുണ്ട്. പക്ഷികളുടെ രക്തചംക്രമണം ശരിയായ വിധത്തിലാണോ എന്നും മറ്റും ഇടക്കിടെ പരിശോധിക്കും. കാഴ്ചശകതിയും കേൾവിശക്തിയും പരിശോധനക്ക് വിധേയമാക്കും. ചികിത്സക്ക് ആവശ്യമായ ആധുനിക ഉപകരണങ്ങളെല്ലാം ഇവിടെയുണ്ട്. ഓപറേഷൻ തിയറ്ററും സജ്ജീകരിച്ചിട്ടുണ്ട്. ഡോക്ടർമാർക്കു പുറമെ കെയർടേക്കർമാർ എന്ന നിലയിൽ എട്ടുപേർ ആശുപത്രിയുടെ ദൈനംദിനകാര്യങ്ങളിൽ സഹായിക്കാനുണ്ട്. ശുകവനത്തിന്റെ അന്തരീക്ഷത്തിൽ ഏതായാലും പക്ഷിക്കൂട്ടം സന്തുഷ്ടരാണ്.

ആശ്രമത്തിന്റെ ഭാഗമായി വെങ്കിടേശ്വരസ്വാമി ക്ഷേത്രമുണ്ട്. ക്ഷേത്രത്തിന് സമീപം അന്നദാനശാല പ്രവർത്തിക്കുന്നു. ഇവിടെ മൂന്നുനേരവും സൗജന്യമായി ഭക്ഷണം ലഭിക്കും. ഗണപതി സച്ചിദാനന്ദക്ക് വിവിധ ദേശങ്ങളിൽനിന്ന് ലഭിച്ച പാരിതോഷികങ്ങൾ ഉൾപ്പെടെ സൂക്ഷിച്ചിട്ടുള്ള വിശ്വം മ്യൂസിയവും കാണാം.

പരിവനത്തോട് ചേർന്ന് ഒരു ചെറിയ തിയറ്ററും ഒരുക്കിയിട്ടുണ്ട്. ആശ്രമത്തിൽ എത്തുന്നവർക്കായി ഇവിടെ ഡോക്യുമെന്ററി പ്രദർശിപ്പിക്കാറുണ്ട്. ശുകവനവും ആശ്രമത്തിന്റെ സവിശേഷതകളുമാണ് ഡോക്യുമെന്ററിയിലുള്ളത്.

തൊട്ടടുത്തായി നാദമണ്ഡപം സ്ഥിതിചെയ്യുന്നു. സംഗീതസഭയാണ് ഇവിടെ മുഖ്യം. നാടിന്റെ നാനാഭാഗങ്ങളിൽനിന്ന് സംഗീതജ്ഞർ ഇവിടെയെത്തുന്നു. വീണ, മൃദംഗം, ഹാർമോണിയം തുടങ്ങിയ നാദോപകരണങ്ങളിൽനിന്നുള്ള സംഗീതം അന്തരീക്ഷത്തിൽ അലയടിക്കുകയാണ്. സംഗീതം നമ്മുടെ ചിന്തയെയും ബുദ്ധിയെയും ഉണർത്തുന്നു എന്നാണ് ആശ്രമം നൽകുന്ന സന്ദേശം. നാദം പ്രകൃതിയുമായി ഒത്തുചേരലാണെന്ന് ഗണപതി സച്ചിദാനന്ദ പറയുന്നു. അതുകൊണ്ടുതന്നെ പക്ഷികളുടെ നിരന്തരമായ ശബ്ദപ്രകരണം ആശ്രമാന്തരീക്ഷത്തിന്റെ സ്വച്ഛന്ദതക്ക് തടസ്സമാവുന്നില്ല. ഗണപതി സച്ചിദാനന്ദ ആശ്രമത്തിലേക്ക് എത്തുന്ന ബഹുഭൂരിപക്ഷം ആളുകളും ശുകവനമാണ് ലക്ഷ്യംവെക്കുന്നത്. പക്ഷികളുടെ സാന്നിധ്യം അത്രമേൽ അവർക്ക് പ്രിയങ്കരമാണ്. വ്യത്യസ്തമായ കിളിമൊഴികളിൽ ജനസഹസ്രങ്ങൾ ശുകവനത്തിന്റെ അന്തരാർഥം തിരിച്ചറിയുന്നു.

•




സിനിമ

ചിത്രത്തിൽ പ്രധാന കഥാപാത്രത്തെ അവതരിപ്പിച്ച അലോക് യാദവ് കൊച്ചിയിൽ ക്ലിന്റിന്റെ മാതാപിതാക്കളെ കാണാനെത്തിയപ്പോൾ പുതിയൊരു ചിത്രം പിറക്കുകയായിരുന്നു



ക്ലിന്റ്

# വിസ്മയ ബാല്യം അഭ്രപാളിയിൽ



ക്ലിന്റ് ആയി വേഷമിട്ട അലോക് യാദവ് ക്ലിന്റിന്റെ മാതാപിതാക്കൾക്കൊപ്പം

തൗഫീഖ് അസ്ലം

മാലാഖമാരുടെ കളിക്കൂട്ടിന് നേരിയൊരു ഇടവേള പറഞ്ഞ് ക്ലിന്റ് എന്ന അത്ഭുത ബാലൻ ഭൂമിയിൽ എത്തിയത് 1976 മേയ് 19ന്. ഭാവത്തിലും ഭാവുകത്വത്തിലും വർണപ്രപഞ്ചം തീർത്ത ക്ലിന്റ് മടങ്ങിപ്പോയത് ഏഴ് വയസ്സിന്റെ കുരുന്നുകാലത്തിൽ ലോകത്തെ സങ്കടത്തിലേക്ക് തള്ളിവിട്ടായിരുന്നു. നേരിയ ഇടവേളക്കു വിരാമമിട്ട് മാലാഖമാർ കളിക്കൂട്ടുകാരനെ കൈപിടിച്ചു കൊണ്ടുപോകുന്നതിനിടയിൽ അവൻ വരച്ചുചേർത്തത് 30,000 ചിത്രങ്ങളായിരുന്നു. ക്ലിന്റിന്റെ ഓർമകൾ പതിറ്റാണ്ടുകൾക്കിപ്പുറം അഭ്രത്തിൽ തെളിയുകയാണ്. ഹരികുമാർ സംവിധാനം ചെയ്യുന്ന 'ക്ലിന്റ്' എന്ന സിനിമ ഇന്നും മായാതെ നിൽക്കുന്ന ആ നിറങ്ങളെക്കുറിച്ച് പറയുന്നു. ചിത്രത്തിൽ പ്രധാന കഥാപാത്രത്തെ അവതരിപ്പിച്ച അലോക് യാദവ് കൊച്ചിയിൽ ക്ലിന്റിന്റെ മാതാപിതാക്കളെ കാണാനെത്തിയപ്പോൾ പുതിയൊരു ചിത്രം പിറക്കുകയായിരുന്നു.

ഇടപ്പള്ളിയിലെ എം.എ.ജെ ആശുപത്രിയിലാണ് എം.ടി. ജോസഫിന്റെയും ചിന്നമ്മയുടെയും ഏക പുത്രനായി എഡ്മണ്ട് തോമസ് ക്ലിന്റ് ജനിച്ചുവീണത്. പിച്ചവെച്ചു തുടങ്ങും മുമ്പേ കൈയിൽ കിട്ടിയ എന്തും അവനു പെയിൻറിങ് ബ്രഷുകളായി. ആറുമാസം പ്രായമായതു മുതൽ ക്ലിന്റ് തറയിലും ചുമരിലും വരക്കാൻ തുടങ്ങി. അവൻ വരച്ചുകൊണ്ടേയിരുന്നു. അവന്റെ സ്വപ്നങ്ങളും കാഴ്ചകളും ചിത്രങ്ങളായി 13ഓളം ചിത്രരചനാ മത്സരങ്ങളിൽ ക്ലിന്റ് സമ്മാനങ്ങൾ നേടിയിരുന്നു. തേവര സെന്റ് തോമസ് സ്കൂളിലെ തിളങ്ങും താരമായിരുന്നു അവൻ. ഏഴു വയസ്സു കഴിഞ്ഞാൽ രോഗത്തെ പേടിക്കേണ്ടതില്ലെന്ന് അവനെ ചികിത്സിച്ച ഡോക്ടർ പറഞ്ഞിരുന്നു. എന്നാൽ, ഏഴാം പിറന്നാളിനു കാത്തുനിൽക്കാതെ ക്ലിന്റ് ഭൂമിയിലെ കാൻവാസിൽ നിന്നു വിടപറഞ്ഞു.

## ക്ലിന്റായി അലോക്

വർണങ്ങളുടെ രാജകുമാരന്റെ ജീവിതം വെള്ളിത്തിരയിലെത്തിച്ച സിനിമയിൽ ക്ലിന്റായി വേഷമിട്ട ഒന്നാം ക്ലാസുകാരൻ അലോക് യാദവ് തൃശൂർ പാട്ടുരായ്ക്കൽ ദേവമാതാ സി.എം.ഐ പബ്ലിക് സ്കൂളിന്റെ താരമാണ്. യു.കെ.ജിയിൽ പഠിക്കുമ്പോഴായിരുന്നു സിനിമയുടെ ഷൂട്ടിങ് തുടങ്ങുന്നത്. ഓഡിഷൻ കഴിഞ്ഞിട്ടാണ് ക്ലിന്റിനെപ്പറ്റി ആദ്യമായി കേട്ടതെന്ന് അലോക് പറയുന്നു.

ഓഡിഷൻ കഴിഞ്ഞപ്പോൾ തനിക്ക് നല്ല ടെൻഷനായിരുന്നു. എനിക്ക് അറിയില്ലായിരുന്നു ഓഡിഷനാണ് പോകുന്നതെന്നുപോലും. ക്ലിന്റ് മരിക്കുന്നത് പറഞ്ഞപ്പോൾ ആദ്യം അമ്മ അഭിനയിക്കാൻ സമ്മതിച്ചിരുന്നില്ല. ഓഡിഷൻ കഴിഞ്ഞപ്പോൾ പേടിയായി. എങ്ങാനും സെലക്ട് ആയാലോ, അഭിനയിക്കാൻ ബുദ്ധിമുട്ടാകില്ലേ എന്ന് തോന്നി. പഠിക്കണം എന്നതാണ് എനിക്കാഗ്രഹം. ക്ലിന്റ് നല്ല സിനിമയായതുകൊണ്ടാണ് ഞാൻ അഭിനയിച്ചത്. ഇതുപോലത്തെ നല്ല വേഷങ്ങൾ കിട്ടിയാൽ ഇനിയും അഭിനയിക്കും. ക്ലിന്റിന്റെ അച്ഛനും അമ്മയും എന്നെ കണ്ടപ്പോൾ അവരുടെ മോനെപ്പോലെയാണ് ഞാൻ എന്ന് പറഞ്ഞു.

എനിക്കും അങ്ങനെയാണ് തോന്നിയത്. അവരതുപോലെയാണ് എന്നെ നോക്കിയതും എന്നോട് സംസാരിച്ചതും. വലുതാകുമ്പോൾ നല്ലൊരു നടനാകണമെന്നാണ് ആഗ്രഹം. പിന്നെ ചില പ്ലാനുകൾ കൂടി ഉണ്ടെന്ന് അലോക് പറഞ്ഞു. എണ്ണായിരത്തോളം കുട്ടികളുടെ അപേക്ഷ പരിഗണിച്ചതിനുശേഷമാണ് സംവിധായകൻ അലോകിലേക്കെത്തിയത്. കൊച്ചി ഗോകുലം പാർക്കിലായിരുന്നു ഓഡിഷൻ. അഭിനയവും പാട്ടും നൃത്തവുമൊക്കെ അവിടെ പുറത്തെടുത്തു. ക്ലിന്റിനെപ്പോലെ അലോകും അധികം സംസാരിക്കുന്ന പ്രകൃതക്കാരനല്ല. പെട്ടെന്ന് കാര്യങ്ങൾ മനസ്സിലാക്കാനുള്ള കഴിവുമുണ്ട്. ഒന്നാം ക്ലാസിലെത്തിയതിയിൽപ്പിന്നെയാണ് അൽപം ബഹളമൊക്കെത്തുടങ്ങിയതെന്നാണ് ബന്ധുക്കളും അധ്യാപകരും പറയുന്നത്.

•